ഭാരത സർക്കാർ

**ബജറ്റ് 2021-22**

**കേന്ദ്ര ധനകാര്യമന്ത്രി**

# ശ്രീമതി നിർമ്മല സീതാരാമന്റെ

**ബജറ്റ് പ്രസംഗം**

**ഫെബ്രുവരി 01, 2021**

**ഉള്ളടക്കം**

**പാര്ട്ട്-എ**


| | പേജ് നമ്പര് |
|---|---|
| • **ആമുഖം** | 1 |
| • **ആരോഗ്യവും ക്ഷേമവും** | 8 |
| • **മൂര്ത്തവും സാമ്പത്തികവുമായ മൂലധനവും അടിസ്ഥാന സൗകര്യവും** | 11 |
| • **പ്രതീക്ഷാ നിര്ഭരമായ ഇന്ത്യക്കായി ഉള്ച്ചേര്ത്തുള്ള വികസനം** | 22 |
| • **മനുഷ്യവിഭവ ശേഷിക്കു നവോന്മേഷം പകരല്** | 25 |
| • **നൂതനാശയവും ഗവേഷണവും വികസനവും** | 27 |
| • **കുറഞ്ഞ ഗവണ്മെന്റ്, പരമാവധി ഭരണം** | 28 |
| • **സാമ്പത്തിക സ്ഥിതി** | 29 |

**പാര്ട്ട് ബി**

**പ്രത്യക്ഷ നികുതി നിര്ദേശങ്ങള്** 32

- മുതിര്ന്ന പൗരന്മാര്ക്ക് ആശ്വാസം
- ആദായനികുതി നടപടിക്രമങ്ങള്ക്കുള്ള സമയം കുറയ്ക്കല്
- തര്ക്ക പരിഹാര സമിതി കെട്ടിപ്പടുക്കല്
- മുഖരഹിത ഐ.ടി.എ.ടി.
- ഓഡിറ്റ് ഒഴിവാക്കല്
- ലാഭവിഹിതത്തിനുള്ള ഇളവ്
- അടിസ്ഥാന സൗകര്യ മേഖലയിലേക്കു വിദേശ നിക്ഷേപം ആകര്ഷിക്കല്
- കുറഞ്ഞ ചെലവില് വീട്, വാടക വീട്
- ഐ.എഫ്.എസ്.സിക്ക് നികുതിയിളവ്
- റിട്ടേണുകള് നേരത്തേ ഫയല് ചെയ്യല്
- ചെറിയ ട്രസ്റ്റുകള്ക്ക് ഇളവ്
- തൊഴില്ക്ഷേമം
-

**പരോക്ഷനികുതി നിര്ദേശങ്ങള്** 37

- ജി.എസ്.ടി.
- കസ്റ്റം തീരുവ യുക്തിപൂര്വം മാറ്റി നിശ്ചയിക്കല്
- ഇലക്ട്രോണിക്, മൊബൈല് ഫോണ് വ്യവസായം
- ഇരുമ്പും ഉരുക്കും
- വസ്ത്രം
- രാസവസ്തുക്കള്

- സ്വര്ണവും വെള്ളിയും
- പുനരുപയോഗിക്കാവുന്ന ഊര്ജം
- മൂലധന സാമഗ്രി
- എം.എസ്.എം.ഇ. ഉല്പന്നങ്ങള്
- കാര്ഷികോല്പന്നങ്ങള്

**കൂട്ടിച്ചേര്ക്കലുകള്**

**പ്രസംഗത്തിന്റെ പാര്ട്ട് എയ്ക്കുള്ള കൂട്ടിച്ചേര്ക്കലുകള്**

- ആരോഗ്യവും ക്ഷേമവും- ചെലവ്
- മുന്നിര പദ്ധതികള്: റോഡുകളും ഹൈവേകളും
- വിറ്റഴിക്കലിലെയും തന്ത്രപരമായ വിറ്റഴിക്കല് നയത്തിലെയും പ്രധാന കാര്യങ്ങള്
- കാര്ഷികോല്പന്നങ്ങള് തറവിലയ്ക്കു വാങ്ങല്
- എന്.ഇ.പിയുടെ ഭാഗമായുള്ള വിദ്യാഭ്യാസ മുന്നേറ്റങ്ങള്
- ബജറ്റിനു പുറമെയുള്ള വിഭവങ്ങള് സംബന്ധിച്ച പ്രസ്താവന
  (ഗവണ്മെന്റ് ഫുള്ളി സര്വീസ്ഡ് ബോണ്ടുകള്, എന്.എസ്.എസ്.എഫ്. വായ്പകള്, മറ്റു വിഭവങ്ങള്)

**പ്രസംഗത്തിന്റെ പാര്ട്ട് ബിക്കുള്ള കൂട്ടിച്ചേര്ക്കലുകള്**

**പ്രത്യക്ഷ നികുതി**

**പരോക്ഷ നികുതി**

**ബജറ്റ് 2021-2022**

**നിര്‍മല സീതാരാമന്റെ പ്രസംഗം**
**ധനകാര്യ മന്ത്രി**

**ഫെബ്രുവരി 1, 2021**

**ബഹുമാനപ്പെട്ട സ്പീക്കര്‍,**

**2021-2022 വര്‍ഷത്തേക്കുള്ള ബജറ്റ് ഞാന്‍ അവതരിപ്പിക്കുകയാണ്.**

**ആമുഖം**

1. ബഹുമാനപ്പെട്ട സ്പീക്കര്‍, മുമ്പൊരിക്കലുമില്ലാത്ത സാഹചര്യത്തിലാണ് ഈ ബജറ്റ് തയ്യാറാക്കുന്നത്. ഒരു രാജ്യത്തെയോ ഒരു രാജ്യത്തിന കത്തെ മേഖലയെയോ ബാധിച്ച വിപത്തുകളെക്കുറിച്ച് നമുക്ക് അറിയാമായിരുന്നു, എന്നാല്‍ 2020ല്‍ കോവിഡ് 19 നിമിത്തം നമുക്ക് ഉണ്ടായത് അദ്വിതീയമായ സാഹചര്യമാണ്.

2. മാന്ദ്യത്തിലായിരുന്ന ആഗോള സമ്പദ്വ്യവസ്ഥ അഭൂതപൂര്‍വമായി ചുരുങ്ങുമെന്ന് ഞാന്‍ 2020-21 ബജറ്റ് അവതരിപ്പിച്ച ഘട്ടത്തില്‍ സങ്കല്‍പ്പിക്കാന്‍ പോലും കഴിയുമായിരുന്നില്ല.

3. ആരോഗ്യ പ്രതിസന്ധി നിമിത്തം നമ്മുടെ ജനങ്ങള്‍ക്കും മറ്റു രാജ്യങ്ങളിലുള്ളവര്‍ക്കും ഇഷ്ടപ്പെട്ടവരെ നഷ്ടപ്പെടുമെന്നോ യാതനകള്‍ അനുഭവിക്കേണ്ടിവരുമെന്നോ സങ്കല്‍പിക്കാന്‍ പോലും നമുക്കു സാധിക്കുമായിരുന്നില്ല.

4. ലോക്ക്ഡൗണ്‍ ഉണ്ടാകാതിരിക്കാനുള്ള സാധ്യത വളരെ കുറവായിരുന്നു. മൂന്നാഴ്ച നീണ്ടുനില്‍ക്കുന്ന ലോക്ഡൗണ്‍ പ്രഖ്യാപിച്ച് 48 മണിക്കൂറിനുള്ളില്‍ പ്രധാനമന്ത്രി 2.76 ലക്ഷം കോടി രൂപയുടെ പ്രധാന്‍ മന്ത്രിഗരിബ് കല്യാണ്‍ യോജന പ്രഖ്യാപിച്ചു. ഇത് 800 ദശലക്ഷം ആളുകള്‍ക്ക് സൗജന്യ ഭക്ഷ്യധാന്യവും 80 ദശലക്ഷം കുടുംബങ്ങള്‍ക്ക് മാസങ്ങളായി സൗജന്യ പാചക വാതകവും 400 ദശലക്ഷത്തിലധികം കര്‍ഷകര്‍, സ്ത്രീകള്‍, വൃദ്ധര്‍, ദരിദ്രര്‍, ആവശ്യക്കാര്‍ എന്നിവര്‍ക്ക് നേരിട്ടു പണവും ലഭ്യമാക്കി.

5. ഒരു വലിയ വിഭാഗം പൗരന്മാര്‍ വീടുകളില്‍ കഴിഞ്ഞപ്പോള്‍ പാല്‍, പച്ചക്കറി, പഴം വിതരണക്കാര്‍, ആരോഗ്യ-സാനിറ്ററി തൊഴിലാളികള്‍, ട്രക്ക് ഡ്രൈവര്‍മാര്‍, റെയില്‍വേ- പൊതുഗതാഗത തൊഴിലാളികള്‍, ബാങ്ക് ജീവനക്കാര്‍, വൈദ്യുതി

തൊഴിലാളികള്, നമ്മുടെ അന്നദാതാക്കള്, പോലീസ്, ഫയര്മാന്, സായുധ സേന എന്നിവര്ക്കെല്ലാം അവരുടെ ജോലിക്കു സാധാരണപോലെ പോകേണ്ടിവന്നു, പക്ഷേ വൈറസിനെ കുറിച്ചുള്ള അധിക ഉത്കണ്ഠ അവര്ക്ക് ഉണ്ടായിരുന്നു. നിര്ണായകമായ ആ മാസങ്ങളില് രാജ്യത്തിന്റെ അടിസ്ഥാന ആവശ്യങ്ങള് നിറവേറ്റുന്നതിനായി തങ്ങളുടെ ജോലിയും കടമയും നിറേവേറ്റിയ രീതിക്ക് ഈ പുരുഷന്മാരോടും സ്ത്രീകളോടും ഞാന് ഹൃദയംഗമമായ നന്ദി പ്രകടിപ്പിക്കുമ്പോള് നാം അവരെ അംഗീകരിക്കുന്നു എന്നും ഈ മഹത്തായ സഭയിലെ ഓരോരുത്തരുടെയും പേരിലാണു സംസാരിക്കുന്നത് എന്നും എനിക്കു തോന്നുന്നു.

6. സ്പീക്കര് സര്, പൊതുനന്മയ്ക്കായി ബഹുമാനപ്പെട്ട പാര്ലമെന്റ്, നിയമസഭാ അംഗങ്ങളും അവരുടെ ശമ്പളം വാഗ്ദാനം ചെയ്തു.

7. 2020 മേയില് ഗവണ്മെന്റ് ആത്മനിര്ഭര് ഭാരത് പാക്കേജ് (എ.എന്.ബി. 1.0) പ്രഖ്യാപിച്ചു. തിരിച്ചുവരവു നിലനിര്ത്തുന്നതിനായി പിന്നീട് അതേ വര്ഷം നാം രണ്ട് ആത്മനിര്ഭര് ഭാരത് പാക്കേജുകള് (എ.എന്.ബി. 2.0, എ.എന്.ബി. 3.0) കൂടി പ്രഖ്യാപിച്ചു. ആര്.ബി.ഐ. കൈക്കൊണ്ട നടപടികള് ഉള്പ്പെടെ എല്ലാ ആത്മനിര്ഭര് ഭാരത് പാക്കേജുകളും ചേര്ന്ന് 27.1 ലക്ഷം കോടി രൂപ വരും. ഇത് ജി.ഡി.പിയുടെ 13 ശതമാനം വരും.

8. ഗവണ്മെന്റ് സാഹചര്യം വീക്ഷിക്കുകയും പ്രതികരിക്കുകയും ചെയ്തു. സമൂഹത്തിലെ ദുര്ബല വിഭാഗങ്ങളായ ദരിദ്രരില് ദരിദ്രര്ക്കും ദളിതുകള്ക്കും ഗോത്രവര്ഗക്കാര്ക്കും മുതിര്ന്നവര്ക്കും കുടിയേറ്റ തൊഴിലാളികള്ക്കും കുട്ടികള്ക്കും പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് വിഭവങ്ങള് എത്തിച്ചു. പി.എം.ജി.കെ.വൈ., മൂന്ന് എ.എന്.ബി. പാക്കേജുകള്, പിന്നീട് നടത്തിയ പ്രഖ്യാപനങ്ങള് എന്നിവ അഞ്ചു മിനി ബജറ്റുകള്ക്കു തുല്യമായിരുന്നു.

9. ആത്മനിര്ഭര് പാക്കേജുകള് ഘടനാപരമായ പരിഷ്കാരങ്ങളുടെ വേഗം വര്ധിപ്പിച്ചു. എം.എസ്.എം.ഇകളുടെ പുനര്നിര്വചനം നടത്തല്, ധാതുമേഖല വാണിജ്യവല്ക്കരിക്കല്, കാര്ഷിക-തൊഴില് പരിഷ്കാരങ്ങള്, പൊതുമേഖലാ സ്ഥാപനങ്ങള് സ്വകാര്യവല്ക്കരിക്കല്, ഒരു രാജ്യം ഒറ്റ റേഷന് കാര്ഡ്, ഉല്പാദനത്തിന് ആനുപാതികമായുള്ള ആനുകൂല്യം എന്നിവ ഈ കാലഘട്ടത്തില് നടപ്പാക്കിയ ശ്രദ്ധേയമായ ചില പരിഷ്കാരങ്ങളാണ്. മുഖരഹിത ആദായ നികുതി കണക്കാക്കല് സമ്പ്രദായം, നേരിട്ട് ആനുകൂല്യം വിതരണം ചെയ്യല്, സാമ്പത്തിക ഉള്ച്ചേര്ക്കല് എന്നിവയാണു മറ്റുള്ളവ.

10. ഇന്ന് ഇന്ത്യയില് രണ്ട് വാക്സീനുകള് ലഭ്യമാണ് എന്നു മാത്രമല്ല, സ്വന്തം പൗരന്മാരെയും നൂറിലേറെ രാജ്യങ്ങളിലെ പൗരന്മാരെയും കോവിഡ് 19നെതിരെ

മരുന്നു നല്കി സംരക്ഷിക്കുകയുമാണ്. രണ്ടോ അതിലേറെയോ വാക്സീനുകള് ഉടന് തയ്യാറാകുമെന്നതു സന്തോഷം പകരുന്നു.

11. നമ്മുടെ ശാസ്ത്രജ്ഞരെ അംഗീകരിച്ചും അവര്ക്കു നന്ദി പറഞ്ഞും ബഹുമാനപ്പെട്ട പ്രധാനമന്ത്രി വാക്സിനേഷന് ഉദ്ഘാടനം ചെയ്തു. അവരുടെ ശ്രമങ്ങളുടെ കരുത്തിനും കര്ശന സ്വഭാവത്തിനും നാം എന്നും കടപ്പെട്ടിരിക്കുന്നു.

12. കോവിഡ് 19നെതിരായ നമ്മുടെ പോരാട്ടം 2021ലും തുടരുന്നു എന്ന് നാമെല്ലാം വീണ്ടും വീണ്ടും ഇതിലൂടെ ഓര്മിപ്പിക്കപ്പെടുന്നു.

13. രണ്ടു ലോകമഹാ യുദ്ധങ്ങള്ക്കും ശേഷമെന്നപോലെ കോവിഡിനു ശേഷം ലോകത്തിലെ രാഷ്ട്രീയ, സാമ്പത്തിക, തന്ത്രപ്രധാനം ബന്ധങ്ങളില് മാറ്റം വരുമെന്നതിന്റെ സൂചനകളുണ്ട്. ചരിത്രത്തിലെ ഈ നിമിഷം പുതിയ യുഗത്തിന്റെ പുലരിയാണ്- ഇന്ത്യ വാഗ്ദാനത്തിന്റെയും പ്രതീക്ഷയുടെയും നാടായി മാറാന് പോകുന്ന യുഗത്തിന്റെ.

***'ഇരുള് ബാക്കിനില്ക്കുന്ന പുലരിയില് വെളിച്ചം അനുഭവിക്കുകയും പാടുകയും ചെയ്യുന്ന പക്ഷിയാണു വിശ്വാസം'***

***-രവീന്ദ്ര നാഥ ടഗോര്***

(ഇയ്യാംപാറ്റകള്- സുഭാഷിത സമാഹാരം)

14. ഈ ആവേശത്തില് അടുത്തിടെ ഓസ്ട്രേലിയയില് ടീം ഇന്ത്യ നേടിയ ശ്രദ്ധേയമായ വിജയം ക്രിക്കറ്റിനെ സ്നേഹിക്കുന്ന രാജ്യമെന്ന നിലയില് ഓര്ക്കാതിരിക്കാന് എനിക്കു സാധിക്കുന്നില്ല.

15. ഇപ്പോള് കണക്കുകള് കാണിക്കുന്നത് ദശലക്ഷം പേരില് 112 പേര് എന്ന ഏറ്റവും കുറഞ്ഞ മരണനിരക്കും ഏറ്റവും കുറഞ്ഞ നിരക്കുകളിലൊന്നായ ദശലക്ഷത്തില് 130 പേര് എന്ന ആക്റ്റീവ് കേസുകളുമാണ് ഇന്ത്യയില് ഉള്ളത് എന്നാണ്. സമ്പദ് വ്യവസ്ഥയില് നാം ഇപ്പോള് കാണുന്ന്ന സമ്പദ്‌വ്യവസ്ഥയുടെ തിരിച്ചുവരവിന് ഇത് അസ്തിവാരം ഒരുക്കുന്നു.

16. ഈ ദശാബ്ദത്തിലെ ആദ്യ ബജറ്റാണിത്. ഈ ബജറ്റ് ഒരു ഡിജിറ്റല് ബജറ്റ് കൂടിയാണ്. നിങ്ങളുടെ പിന്തുണ നിമിത്തമാണ് ഇതു സാധ്യമായത്.

17. സമ്പദ്‌വ്യവസ്ഥ ചുരുങ്ങിയ ശേഷം ബജറ്റ് അവതരിപ്പിക്കപ്പെട്ടത് ഇതുവരെ മൂന്നു തവണ മാത്രമാണ്. ഇന്ത്യയുടെ സാഹചര്യങ്ങള് നിമിത്തമാണ് ആ ചുരുങ്ങലുകളൊക്കെ സംഭവിച്ചത്. എന്നാല്, ഇത്തവണ മറ്റു പല രാജ്യങ്ങളിലും എന്നപോലെ നമ്മുടെയും സമ്പദ് വ്യവസ്ഥ ആഗോള മഹാവ്യാധി നിമിത്തമാണു ചുരുങ്ങിയത്.

18. ഇക്കാര്യം ചൂണ്ടിക്കാട്ടിയശേഷം എനിക്ക് ആത്മവിശ്വാസത്തോടെ പറയാന് കഴിയുക സമ്പദ്‌വ്യവസ്ഥ പുനഃക്രമീകരിക്കുന്നതിനു നമ്മുടെ ഗവണ്മെന്റ് പൂര്ണമായും തയ്യാറെടുത്തുകഴിഞ്ഞു എന്നാണ്. ഈ ബജറ്റ് സുസ്ഥിരമായ വളര്ച്ചയ്ക്ക് ആവശ്യമായ വളര്ച്ചയും വേഗവും നേടിയെടുക്കാന് നമ്മുടെ സമ്പദ് വ്യവസ്ഥയെ സജ്ജമാക്കുന്നതാണ് ഈ ബജറ്റ്.

19. പല ചരിത്രപരമായ നാഴികക്കല്ലുകളും ഉള്ള വര്ഷമാണ് 2021. അതില് ചിലതു ഞാന് പരാമര്ശിക്കാം: ഇതു സ്വാതന്ത്ര്യത്തിന്റെ 75ാാം വാര്ഷികമാണ്. ഗോവ ഇന്ത്യയുടെ ഭാഗമാക്കപ്പെട്ടതിന്റെ അറുപതാം വാര്ഷികമാണ്. 1971ലെ ഇന്ത്യ-പാക്കിസ്ഥാന് യുദ്ധത്തിന്റെ അന്പതാം വാര്ഷികമാണ്. സ്വതന്ത്ര ഇന്ത്യയില് എട്ടാമതു സെന്സസ് നടക്കാന് പോകുന്ന വര്ഷമാണ്. ബ്രിക്സ് അധ്യക്ഷപദം ഇന്ത്യക്കു ലഭിക്കുന്ന വര്ഷവുമായിരിക്കും. ചാന്ദ്രയാന് 3 ദൗത്യത്തിന്റെ വര്ഷമാണ്. ഹരിദ്വാര് മഹാകുംഭമേളയുടെ വര്ഷവുമാണ്.

20. ബഹുമാനപ്പെട്ട സ്പീക്കര്, ബജറ്റിന്റെ പാര്ട്ട് എയിലേക്കു കടക്കുംമുന്പെ, പ്രതിസന്ധിവേളകളില് ജനങ്ങള് ഒന്നിക്കുന്ന നമ്മുടേതു പോലുള്ള രാജ്യത്ത് ഒറ്റപ്പെട്ടു കഴിയലും അകലം പാലിക്കലും എത്രത്തോളം മറികടക്കാന് കഴിയാത്ത വെല്ലുവിളികളായി അനുഭവപ്പെട്ടു എന്ന് ഓര്മിക്കാന് ഞാന് ഒരു നിമിഷം ഉപയോഗപ്പെടുത്തുകയാണ്. അതു നമ്മെ പല തരത്തിലും വേദനിപ്പിക്കുന്നു. എല്ലാ ശാരീരിക, മാനസിക ക്ഷേമത്തിന്റെയും കാര്യത്തില് ബുദ്ധിമുട്ടേറിയ വര്ഷത്തെ നേരിടുന്നതില് കാണിച്ച സഹനശക്തിക്കു ഞാന് ഓരോ പൗരനെയും കുമ്പിടുന്നു.

**പാര്ട്ട് എ**

21. പാര്ട്ട് എയില് ആത്മനിര്ഭര് ഭാരതിനായി ഒരു വീക്ഷണം തയ്യാറാക്കാന് ഞാന് ആഗ്രഹിക്കുന്നു.

22. ആത്മനിര്ഭരത പുതിയ ആശയമല്ല. പ്രാചീന ഇന്ത്യ വളരെയധികം സ്വാശ്രയമായിരുന്ന ലോകത്തെ വ്യാപാര കേന്ദ്രമായിരുന്നു.

23. തങ്ങളുടെ ശേഷിയിലും നൈപുണ്യത്തിലും തികഞ്ഞ ആത്മവിശ്വാസ മുള്ള 130 കോടി ഇന്ത്യക്കാരുടെ പ്രതികരണമാണ് ആത്മനിര്ഭര് ഭാരത്.

24. നാം ഇപ്പോള് തന്നെ ജി.20, ബ്രിക്സ് തുടങ്ങിയ രാജ്യാന്തര സഖ്യങ്ങളുടെ ഭാഗമാണ്. ദുരന്തങ്ങളെ അതിജീവിക്കാന് സാധിക്കുന്ന അടിസ്ഥാന സൗകര്യത്തിനായുള്ള സഖ്യവും രാജ്യാന്തര സൗരോര്ജ സഖ്യവും ഇന്ത്യയുടെ ശ്രമഫലമായി ഇപ്പോള് യാഥാര്ഥ്യമായിക്കഴിഞ്ഞു.

25. പാര്ട്ട് എയിലെ നിര്ദേശങ്ങള് മറ്റു കാര്യങ്ങള്ക്കൊപ്പം പ്രഥമ പരിഗണന രാജ്യത്തിന്, കര്ഷകരുടെ വരുമാനം ഇരട്ടിപ്പിക്കല്, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം, ആരോഗ്യപൂര്ണമായ ഇന്ത്യ, സദ്ഭരണം, യുവാക്കള്ക്ക് അവസരങ്ങള്, എല്ലാവര്ക്കും വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം, ഉള്ച്ചേര്ത്തുള്ള വികസനം എന്നിവ ശക്തിപ്പെടുത്തും.

26. സ്വാതന്ത്ര്യത്തിന്റെ 75-ാം വാര്ഷികത്തില് നടക്കാനിരിക്കുന്ന 2022 ലെ അമൃതമഹോല്സവത്തോടെ യാഥാര്ഥ്യമാകത്തക്കവിധം 2015-15 ബജറ്റില് പ്രഖ്യാപിച്ച 13 വാഗ്ദാനങ്ങള് അതിവേഗം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അവയും ആത്മനിര്ഭര് ഭാരതിന്റെ ഈ വീക്ഷണത്തില് പ്രതിധ്വനിക്കുന്നു.

27. 2021-2022ലേക്കുള്ള ബജറ്റ് നിര്ദേശങ്ങള് ആറു തൂണുകളില് നിലകൊള്ളുന്നു.

I. ആരോഗ്യവും ക്ഷേമവും
II. ഭൗതികവും സാമ്പത്തികവുമായ മൂലധനവും അടിസ്ഥാന സൗകര്യവും
III. പ്രതീക്ഷാനിര്ഭരമായ ഇന്ത്യയുടെ ഉള്ച്ചേര്ത്തുള്ള വികസനം
IV. മനുഷ്യ മൂലധനത്തിനു നവ ഊര്ജം പകരല്
V. നവീനാശയവും ഗവേഷണവും വികസനവും
VI. കുറഞ്ഞ ഗവണ്മെന്റും പരമാവധി ഭരണവും

**1. ആരോഗ്യവും ക്ഷേമവും**

28. ഈ ബജറ്റില് ആരോഗ്യ അടിസ്ഥാന സൗകര്യത്തിനുള്ള നിക്ഷേപം ഗണ്യമായി വര്ധിപ്പിച്ചിട്ടുണ്ടെന്നു തുടക്കത്തില് തന്നെ ഞാന് പറയാന് ആഗ്രഹിക്കുന്നു. ഭാവിയില് സ്ഥാപനങ്ങള്ക്കായി കൂടുതല് ചെലവിടേണ്ടിവരുമ്പോള് നാം കൂടുതല് ഉറപ്പുകള് നല്കും.

29. ആരോഗ്യ രംഗത്തു സമഗ്ര സമീപനം കൈക്കൊണ്ടുകൊണ്ടു മൂന്നു മേഖലകള് ശാക്തീകരിക്കുന്നതിനു നാം ഊന്നല് നല്കും: പ്രതിരോധം, ചികില്സ, ക്ഷേമം.

**ആരോഗ്യ സംവിധാനങ്ങള്**

30. ആറു വര്ഷത്തേക്ക് 64,180 കോടി രൂപ വിഹിതവുമായി പിഎം ആത്മനിര്ഭര് സ്വസ്ഥ് ഭാരത് യോജനയെന്ന കേന്ദ്ര പദ്ധതി ആരംഭിക്കും. ഇതു പ്രാഥമിക,

ദ്വിതീയ, തൃതീയ ആരോഗ്യ സംരക്ഷണ സംവിധാനങ്ങള് മെച്ചപ്പെടാനും നിലവിലുള്ള ദേശീയ സ്ഥാപനങ്ങള് ശക്തിപ്പെടുത്താനും പുതിയ സ്ഥാപനങ്ങള് സ്ഥാപിക്കാനും പുതിയ രോഗങ്ങള് കണ്ടെത്താനും ചികില്സിക്കാനും ഉള്ള ശേഷി സൃഷ്ടിക്കും. ഇത് ദേശീയ ആരോഗ്യ ദൗത്യത്തിനു പുറമെ ആയിരിക്കും. ഈ പദ്ധതിയിലെ പ്രധാന പ്രവര്ത്തനങ്ങള്:

a. 17,788 ഗ്രാമീണവും 11,024 നഗരത്തിലുള്ളതുമായ ആരോഗ്യ, ക്ഷേമ കേന്ദ്രങ്ങള്ക്ക പിന്തുണ
b. എല്ലാ ജില്ലകളിലും ഏകീകൃത പൊതുജനാരോഗ്യ ലാബുകള് സ്ഥാപിക്കാനും 11 സംസ്ഥാനങ്ങളിലായി 3382 ബ്ലോക്ക് പൊതു ആരോഗ്യ യൂനിറ്റുകള് സ്ഥാപിക്കല്
c. 602 ജില്ലകളില് ഗുരുതര രോഗങ്ങള്ക്ക ചികില്സിക്കുന്ന ആശുപത്രികള് സ്ഥാപിക്കലും 12 കേന്ദ്ര സ്ഥാപനങ്ങള് സ്ഥാപിക്കലും
d. രോഗനിവാരണത്തിനുള്ള ദേശീയ കേന്ദ്ര (എന്.സി.ഡി.സി.)വും അതിന്റെ അഞ്ചു മേഖലാതല ശാഖകളും 20 നഗര ആരോഗ്യ നിരീക്ഷണ യൂണിറ്റുകളും ശക്തിപ്പെടുത്തല്
e. എല്ലാ പൊതു ആരോഗ്യ ലാബുകളെയും ബന്ധപ്പെടുത്തി എല്ലാ സംസ്ഥാനങ്ങളുമായും കേന്ദ്ര ഭരണ പ്രദേശങ്ങളുമായും ഉള്പ്പെടുത്തി സമഗ്ര ആരോഗ്യ വിജ്ഞാന പോര്ട്ടലിനെ വികസിപ്പിക്കല്
f. 17 പുതിയ പൊതുജനാരോഗ്യ യൂണിറ്റുകളും നിലവിലുള്ള 33 പൊതു ആരോഗ്യ കേന്ദ്രങ്ങളും പ്രവേശന കേന്ദ്രങ്ങളില്, അതായത് 32 വിമാനത്താവളങ്ങളിലും 11 തുറമുഖങ്ങളിലും കരയിലെ ഏഴ ക്രോസിങ്ങുകളിലും പ്രവര്ത്തന ക്ഷമമാക്കല്
g. 15 ആരോഗ്യ അടിയന്തര ഓപ്പറേഷന് കേന്ദ്രങ്ങളും 2 മൊബൈല് ആശുപത്രികളും സജ്ജീകരിക്കല്
h. ആരോഗ്യത്തിനായുള്ള ദേശീയ കേന്ദ്രവും ഡബ്ല്യു.എച്ച്.ഒ. ദക്ഷിണ പൂര്വേഷ്യാ മേഖലാ ഗവേഷണ പ്ലാറ്റ്ഫോമും ഒന്പതു ജൈവസുരക്ഷാ ലെവല് 3 ലബോറട്ടറികളും നാലു ദേശീയ വൈറോളജി കേന്ദ്രങ്ങളും സ്ഥാപിക്കല്.

**പോഷണം**

31. പോഷകാംശവും ലഭ്യതയും ഫലവും മെച്ചപ്പെടുത്തുന്നതിനായി സപ്ലിമെന്ററി ന്യൂട്രീഷന് പ്രോഗ്രാമും പോഷണ് അഭിയാനും ലയിപ്പിക്കുകയും മിഷന് പോഷണ് 2.0 ഉദ്ഘാടനം ചെയ്യുകയും ചെയ്യും. വികസനം കാംക്ഷിക്കുന്ന 112 ജില്ലകളില് പോഷകാംശം ലഭ്യമാക്കുന്നതു വഴിയുള്ള ഫലം മെച്ചപ്പെടുത്തുന്നതിനായി തീവ്ര പദ്ധതി നടപ്പാക്കും.

**എല്ലാവര്ക്കും ജലവിതരണം**

32. സാര്വദേശി ആരോഗ്യം നേടിയെടുക്കുന്നതില് ശുദ്ധ ജലവും ശുചിത്വവും മായമില്ലാത്ത പരിസ്ഥിതിയും എത്രത്തോളം പ്രധാനമാണെന്ന ലോകാരോഗ്യ സംഘടന ഊന്നിപ്പറഞ്ഞിട്ടുണ്ട്.

33. ജല്ജീവന് മിഷന് (അര്ബന്) ആരംഭിക്കും. ഇതിലൂടെ 4378 നഗര തദ്ദേശ സ്വയംഭരണ സ്ഥാപന പരിധികളിലെ 2.86 കോടി വീടുകളില് ടാപ് കണക്ഷന് ലഭ്യമാക്കാനും 500 അമൃത് നഗരങ്ങളില് ദ്രവ മാലിന്യ പരിപാലനം നടപ്പാക്കാനും ഉദ്ദേശിക്കുന്നു. 2, 87,000 കോടി രൂപ മുടക്കി അഞ്ചു വര്ഷത്തിനകം പദ്ധതി നടപ്പാക്കും.

**സ്വച്ഛ ഭാരതം, സ്വസ്ഥ ഭാരതം**

34. ഇന്ത്യന് നഗരങ്ങളിലെ സ്വച്ഛത വര്ധിപ്പിക്കുന്നതിനായി മനുഷ്യ വിസര്ജ്യ സമ്പൂര്ണമായി പരിപാലിക്കുന്നതിനും മലിന ജല സംസ്കരണത്തിനും മാലിന്യം വേര്തിരിക്കുന്നതിനും ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാനും കെട്ടിട നിര്മാണ, നശീകരണ ജോലികള് നിമിത്തമുള്ള മാലിന്യം ഫലപ്രദമായി പരിപാലിക്കുക വഴി വായുമലിനീകരം കുറയ്ക്കാനും മാലിന്യ കേന്ദ്രങ്ങളിലെ മാലിന്യം സംസ്കരിക്കാന് ജൈവ വഴികള് തേടാനും ശ്രമം നടത്തും. 2021-2026 കാലയളവിലെ അഞ്ചു വര്ഷത്തേക്കായി 1, 41, 678 കോടി രൂപയുടെ സാമ്പത്തിക അനുമതിയോടെയാണ് അര്ബന് സ്വച്ഛത മിഷന് 2.0 നടപ്പാക്കുക.

**മാലിന്യമുക്തമായ വായു**

35. വായുമലിനീകരണമെന്ന വളര്ന്നുവരുന്ന പ്രശ്നം പരിഹരിക്കുന്നതിനായി ഈ ബജറ്റില് ഒരു ദശാബ്ദത്തിലേറെ ജനസംഖ്യയുള്ള 42 നഗര കേന്ദ്രങ്ങള്ക്കായി 2217 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

**പൊളിക്കല് നയം**

36. പഴയതും യോഗ്യമല്ലാത്തതുമായ വാഹനങ്ങള് ഒഴിവാക്കുന്നതിനായി സ്വയം തീരുമാനം കൈക്കൊള്ളാവുന്ന വാഹനം പൊളിക്കല് നയം പ്രത്യേകമായി നാം പ്രഖ്യാപിക്കുകയാണ്. ഇതുവഴി ഇന്ധന ക്ഷമതയുള്ളതും പരിസ്ഥിതി സൗഹൃദപരവുമായ വാഹനങ്ങള് പ്രോല്സാഹിപ്പിക്കപ്പെടുകയും വാഹനങ്ങള് നിമിത്തമുള്ള മലിനീകരണവും എണ്ണ ഇറക്കുമതി ബില്ലും കുറയുകയും ചെയ്യും. വ്യക്തിഗത വാഹനങ്ങള് 20 വര്ഷത്തിനു ശേഷവും വാണിജ്യാവശ്യത്തിനുള്ള

വാഹനങ്ങള് 15 വര്ഷത്തിന ശേഷവും ഫിറ്റ്നെസ് ടെസ്റ്റുകള്ക്ക വിധേയമാക്കും. പദ്ധതിയുടെ വിശദാംശങ്ങള് മന്ത്രാലയം പിന്നീട് പങ്കുവെക്കും.

**വാക്സീനുകള്**

37. നിലവില് അഞ്ചു സംസ്ഥാനങ്ങള്ക്ക മാത്രമായി പരിമിതപ്പെടുത്തിയി രിക്കുന്ന ഇന്ത്യയില് നിര്മിക്കപ്പെട്ട ഉല്പന്നമായ ന്യൂമോകോക്കല് വാക്സീന് രാജ്യത്തു പുറത്തിറക്കും. ഇതുവഴി പ്രതിവര്ഷം 50,000 ബാമലരണങ്ങള് ഒഴിവാക്കാന് സാധിക്കും.

38. 2021-22 ബജറ്റ് വര്ഷത്തേക്ക് കോവിഡ് 19 വാക്സീനുകള്ക്കായി ഞാന് 35,000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആവശ്യമെങ്കില് കൂടുതല് തുക ലഭ്യമാക്കാന് ഞാന് പ്രതിജ്ഞാബദ്ധമാണ്.

39. 2021-22 ബജറ്റ് വര്ഷത്തേക്ക് ആരോഗ്യത്തിനും ക്ഷേമത്തിനുമുള്ള ബജറ്ററി വിഹിതം 137 ശതമാനം വര്ധിപ്പിച്ച് 2,23,846 കോടി രൂപയാക്കി. ഈ ബജറ്റ് വര്ഷത്തില് ഇത് 94, 452 കോടി രൂപയാണ്.

**2. ഭൗതികവും സാമ്പത്തികവുമായി മൂലധനവും അടിസ്ഥാന സൗകര്യവും**

**ആത്മനിര്ഭര് ഭാരത്- ഉല്പാദനവുമായി ബന്ധപ്പെടുത്തി പ്രോല്സാഹനം**

40. അഞ്ചു ലക്ഷം കോടി സമ്പദ്വ്യവസ്ഥയാകണമെങ്കില് നമ്മുടെ ഉല്പാദനമേഖല തുടര്ച്ചയായി രണ്ടക്ക വളര്ച്ച നേടണം. നമ്മുടെ ഉല്പാദക കമ്പനികള് ആഗോള വിതരണ ശൃംഖലയുടെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാകണം. കൂടുതല് മല്സര ക്ഷമത നേടുകയും നൂതന സാങ്കേതിക വിദ്യ സ്വായത്തമാക്കുകയും വേണം. ഈ ലക്ഷ്യം മുന്നിര്ത്തി ആത്മനിര്ഭര് ഭാരതത്തിനായി ആഗോള ഉല്പാദന ചാംപ്യന്മാരെ സൃഷ്ടിക്കുന്നതിനായി 13 മേഖലകളില് ഉല്പാദനവുമായി ബന്ധപ്പെടുത്തിയുള്ള പ്രോല്സാഹനം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന് 2021-22 സാമ്പത്തി വര്ഷം മുതല്ക്കുള്ള അഞ്ചു വര്ഷത്തേക്ക് 1.97 ലക്ഷം കോടി രൂപ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു പ്രധാന മേഖലകളില് വലിയ മാറ്റം സൃഷ്ടിക്കുകയും ആഗോള ജേതാക്കളെ സൃഷ്ടിക്കുകയും നമ്മുടെ യുവാക്കള്ക്ക തൊഴില് ലഭ്യമാക്കുകയും ചെയ്യും.

**തുണിത്തരങ്ങള്**

41. തുണി വ്യവസായ മേഖലയെ ആഗോളതലത്തില് മല്സരക്ഷമമാക്കി മാറ്റാനും വലിയ തോതില് നിക്ഷേപം ആകര്ഷിക്കാനും തൊഴില വസരം സൃഷ്ടിക്കാനുമായി ഉല്പാദനവുമായി ബന്ധപ്പെടുത്തിയുള്ള പ്രോല്സാഹന പദ്ധതിക്കു പുറമെ, മെഗാ ഇന്വെസ്റ്റമെന്റ് ടെക്സ്റ്റൈല്സ് പാര്ക്ക് (മിത്ര) പദ്ധതി ആരംഭിക്കും. കയറ്റുമതിയില് ആഗോള ചാംപ്യന്മാരെ സൃഷ്ടിക്കാന് ഉതകുന്ന സൗകര്യങ്ങള്

ഒരുക്കുന്നതിനുള്ള ലോക നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം ഇതോടെ യാഥാര്ഥ്യമാകും. മൂന്നു വര്ഷത്തിനിടെ ഏഴു ടെക്സ്റ്റൈല് പാര്ക്കുകള് സ്ഥാപിക്കും.

**അടിസ്ഥാന സൗകര്യം**

42. 2019 ഡിസംബറില് ഞാന് പ്രഖ്യാപിച്ച ദേശീയ അടിസ്ഥാന സൗകര്യ പൈപ്പ് ലൈന് (എന്.ഐ.പി.) അത്തരത്തിലുള്ള ആദ്യത്തേതാണ് എന്നു മാത്രമല്ല, കേന്ദ്ര ഗവണ്മെന്റ് മൊത്തമായി ഏറ്റെടുത്ത ആദ്യത്തെ പദ്ധതിയുമാണ്. 6835 പദ്ധതികളില് എന്.ഐ.പി. ഉദ്ഘാടനം ചെയ്തു. 7400 പദ്ധതികളിലേക്കു പദ്ധതി പൈപ്പ്ലൈന് ദീര്ഘിപ്പിച്ചുകഴിഞ്ഞു. ചില പ്രധാന മന്ത്രാലയങ്ങള്ക്കു കീഴില് 1.1 ലക്ഷം കോടി രൂപം മൂല്യം വരുന്ന 217 പദ്ധതികള് പൂര്ത്തിയാക്കി.

43. എന്.ഐ.പി. വരുംവര്ഷങ്ങളില് യാഥാര്ഥ്യമാക്കാന് ഈ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമായ ഒന്നാണ്. ഇതിനു ഗവണ്മെന്റില്നിന്നും സാമ്പത്തിക മേഖലയില്നിന്നും ഫണ്ടിങ് വര്ധിപ്പിക്കേണ്ടിവരും. ഇതിനായി മൂന്നു വഴികളിലൂടെ കൃത്യമായ നടപടികള് കൈക്കൊള്ളുമെന്നു ഞാന് ഈ ബജറ്റിലൂടെ നിര്ദേശിക്കുന്നു.

44. ആദ്യമായി സ്ഥാപനപരമായ ഘടന സൃഷ്ടിക്കലിലൂടെ; രണ്ടാമതായി സ്വത്തുക്കള് പണമാക്കി മാറ്റുന്നതിനു വലിയ പ്രോല്സാഹനം നല്കുന്നതിലൂടെ; മൂന്നാമതായി കേന്ദ, സംസ്ഥാന ബജറ്റുകളില് മൂലധന ചെലവിന്റെ പങ്കു വര്ധിപ്പിക്കുക വഴി.

**അടിസ്ഥാന സൗകര്യ മേഖലയ്ക്കു പണം- വികസന സാമ്പത്തിക കേന്ദ്രം (ഡി.എഫ്.ഐ.)**

45. അടിസ്ഥാനസൗകര്യ മേഖലയ്ക്കു ദീര്ഘകാല വായ്പ ആവശ്യമുണ്ട്. അടിസ്ഥാന സൗകര്യമേഖലയ്ക്കു പണം ലഭ്യമാക്കാനും പണം കണ്ടെത്താന് സഹായിക്കാനും ഉല്പ്രേരകമായി പ്രവര്ത്തിക്കാനും വൈദഗ്ധ്യത്തോടെ നടത്തപ്പെടുന്ന വികസന സാമ്പത്തിക കേന്ദ്രം ആവശ്യമാണ്. അതിനാല് ഒരു ഡി.എഫ്.ഐ. ആരംഭിക്കുന്നതിനുള്ള ബില് ഞാന് അവതരിപ്പിക്കും. ഈ കേന്ദ്രത്തിനു മൂലധനമായി 20,000 കോടി രൂപ ഞാന് ലഭ്യമാക്കിയിട്ടുണ്ട്. മൂന്നു വര്ഷത്തിനിടെ അഞ്ചു ലക്ഷം കോടി രൂപയെങ്കിലും വായ്പ നല്കാന് ഡി.എഫ്.ഐക്കു സാധിക്കണമെന്നാണു ലക്ഷ്യം.

46. ബന്ധപ്പെട്ട നിയമങ്ങളില് ആവശ്യമായ ഭേദഗതികള് വരുത്തി ഇന്വിറ്റുകള്ക്കും ആര്.ഇ.ഐ.ടികള്ക്കും ഫോറിന് പോളിസി ഇന്വെസ്റ്റര്മാരില്നിന്നു വായപ് ലഭ്യമാക്കും. ഇത് ഇന്വിറ്റുകള്ക്കും ആര്.ഇ.ഐ.ടികള്ക്കും എളുപ്പത്തില് പണം ലഭ്യമാക്കുകയും അടിസ്ഥാന സൗകര്യ മേഖലയ്ക്കും സ്ഥാവര വസ്തു മേഖലയ്ക്കും കൂടുതല് ഫണ്ട് ലഭ്യമാക്കുകയും ചെയ്യും.

**ആസ്തി പണമാക്കല്**

47. പുതിയ അടിസ്ഥാനസൗകര്യമൊരുക്കാന് പ്രവര്ത്തനക്ഷമമായ പൊതുമേഖലാ അടിസ്ഥാന സൗകര്യ ആസ്തി പണമാക്കി മാറ്റുക എന്നതു പണം കണ്ടെത്തുന്നതിനുള്ള വളരെ പ്രധാനപ്പെട്ട സാധ്യതയാണ്. ബ്രൗണ്ഫീല്ഡ് അടിസ്ഥാന സൗകര്യ ആസ്തികള്ക്കായി ഒരു 'ദേശീയ പണമാക്കല് മാര്ഗം' ആരംഭിക്കും. പുരോഗതി വിലയിരുത്തുന്നതിനും നിക്ഷേപകര്ക്കു കാണാന് സൗകര്യമൊരുക്കുന്നതിനുമായി ആസ്തി പണമാക്കല് ഡാഷ് ബോര്ഡ് ആരംഭിക്കും. പണമാക്കല് സംബന്ധിച്ച ചില പ്രധാന നടപടികള്:

എ. ദേശീയ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യയും പി.ജി.സി.ഐ.എല്ലും രാജ്യാന്തര, ആഭ്യന്തര സ്ഥാപന നിക്ഷേപകരെ ആകര്ഷിക്കുന്ന ഇന്വിറ്റുകളുടെ പ്രായോജകരാണ്. എന്.എച്ച്.എ.ഐ. ഇന്വിറ്റിലേക്ക് 5000 കോടി രൂപയുടെ പ്രതീക്ഷിത സംരംഭകത്വ വിലയുള്ള അഞ്ചു പ്രവര്ത്തനക്ഷമമായ റോഡുകള് കൈമാറിവരികയാണ്. അതുപോലെ പി.ജി.സി.ഐ.എല് ഇന്വിറ്റിിലേക്ക് 7000 കോടി രൂപ മൂല്യമുള്ള പ്രസരണ സ്വത്തുക്കള് കൈമാറും.

ബി. കമ്മിഷനിങ്ങിനു ശേഷം നടത്തിപ്പിനും പരിപാലനത്തിനുമായി സമര്പ്പിത ചരക്ക് ഇടനാഴി റെയില്വേ പണമാക്കി മാറ്റും.

സി. നടത്തിപ്പിലും പരിപാലനത്തിനും ഇളവുകള്ക്കായി അടുത്ത കൂട്ടം വിമാനത്താവളങ്ങള് പണമാക്കി മാറ്റും.

ഡി. ആസ്തി പണമാക്കി മാറ്റല് പദ്ധതിക്കു കീഴില് ഉള്പ്പെടുത്തുന്ന മറ്റു പ്രധാന അടിസ്ഥാന സൗകര്യ ആസ്തികള്: 1. എന്.എച്ച്.എ.ഐയുടെ പ്രവര്ത്തന ക്ഷമമായ ടോള് റോഡുകള് 2. പി.ജി.സി.ഐ.എല്ലിന്റെ പ്രസരണ ആസ്തികള് 3. ഗെയില്, ഐ.ഒ.സി.എല്., എച്ച്.പി.സി.എല്. എണ്ണ, വാതക പൈപ്പ്ലൈനുകള് 4. രണ്ടാം നിര, മൂന്നാം നിര നഗരങ്ങളിലെ എ.എ.ഐ. വിമാനത്താവളങ്ങള് 5. മറ്റു റെയില്വേ അടിസ്ഥാന സൗകര്യ സ്വത്തുക്കള് 6. സെന്ട്രല് വെയര്ഹൗസിങ് കോര്പറേഷനും നാഫെഡും പോലുള്ള സ്ഥാപനങ്ങളുടെ പാണ്ടികശാല ആസ്തികള് 7. സ്പോര്ട്ട്സ് സ്റ്റേഡിയങ്ങള്

**മൂലധന ബജറ്റില് നല്ല തോതിലുള്ള വര്ധന**

48. 2020-21 ബജറ്റ് വര്ഷത്തില് മൂലധന ചെലവുകള്ക്കായി 4.12 ലക്ഷം കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിഭവ പരിമിതി ഉണ്ടായിരുന്നെ ങ്കിലും മൂലധനത്തിനായി കൂടുതല് ചെലവിടുന്നതിനായിരുന്നു നമ്മുടെ ശ്രമം. 2020-21 ബജറ്റ് വര്ഷം ഞാന്

ലഭ്യമാക്കിയ 4.39 ലക്ഷം കോടി വര്ഷാവസാനമാകുമ്പോഴേക്കും ചെലവിടാനാകുമെന്നാണ പ്രതീക്ഷ. മൂലധന ചെലവില് വന് വര്ധനയാണ ഞാന് നിര്ദേശിക്കുന്നത്. 2020-21 ബജറ്റ് വര്ഷത്തേക്കാള് 34.5 ശതമാനം വര്ധനയോടെ 5.54 ലക്ഷം കോടി രൂപ ഇതിനായി മാറ്റിവെച്ചിട്ടുണ്ട്. ഇതില് 44,000 കോടി രൂപ മൂലധന ചെലവില് നല്ല പുരോഗതി കാട്ടുന്നതും കൂടുതല് പണം ആവശ്യമുള്ളതുമായ പദ്ധതികള്ക്കും വകുപ്പുകള്ക്കും ലഭ്യമാക്കുന്നതി നായി സാമ്പത്തിക കാര്യ വകുപ്പിനുള്ള ബജറ്റ് വിഹിതമായാണ വെച്ചിരിക്കുന്നത്. ഈ ചെലവിനുപരി, മൂലധന ചെലവുകള്ക്കായി സംസ്ഥാനങ്ങള്ക്കും സ്വയംഭരണ സ്ഥാപനങ്ങള്ക്കും രണ്ടു ലക്ഷം കോടി രൂപയിലേറെ നാം ലഭ്യമാക്കും.

49. ബജറ്റില് കൂടുതല് വിഹിതം അടിസ്ഥാന സൗകര്യ മേഖലയ്ക്കായി നീക്കിവെക്കാന് സംസ്ഥാനങ്ങളെ പ്രേരിപ്പിക്കുന്ന സംവിധാനത്തിനു നാം രൂപം നല്കും.

**റോഡ് & ഹൈവേ അടിസ്ഥാന സൗകര്യം**

50. 5.35 ലക്ഷം കോടിയുടെ ഭാരത് മാല പരിയോജന പദ്ധതിക്ക് കീഴില് 3.3 ലക്ഷം കോടി രൂപ ചെലവില് 13000 കി.മീറ്ററിലധികം റോഡിന് ഇതിനോടകം അനുമതി നല്കിയിട്ടുണ്ട്. ഇതില് 3,800 കിലോമീറ്റര് നിര്മിച്ചു കഴിഞ്ഞു. 2022 മാര്ച്ചില് 8500 കി.മീ. റോഡും 11,000 കി.മീ. ദേശീയപാത ഇടനാഴികളും പൂര്ത്തിയാക്കാനാകും.

51. റോഡ് അടിസ്ഥാന സൗകര്യം വര്ധിപ്പിക്കുന്നതിന്, കൂടുതല് സാമ്പത്തിക ഇടനാഴികളും ആസൂത്രണം ചെയ്യുന്നുണ്ട്. ചിലത്;

a. തമിഴ്നാട്ടില് 1.03 ലക്ഷം കോടി നിക്ഷേപത്തില് 3500 km ദേശീയപാത. മധുര-കൊല്ലം,ചിറ്റൂര്- തച്ചൂര് ഇടനാഴികളും ഇതില് ഉള്പ്പെടുന്നു. അടുത്ത വര്ഷം നിര്മാണം തുടങ്ങും.
b. 65,000 കോടി ചിലവില് കേരളത്തില്, 1100 കി.മീ. ദേശീയ പാത. ഇതില് മുംബൈ - കന്യാകുമാരി ഇടനാഴിയുടെ 600 കി.മീ. ഭാഗവും ഉള്പ്പെടുന്നു
c. പശ്ചിമബംഗാളില് 25,000 കോടിയുടെ 675 കി. ദേശീയ പാത, നിലവിലെ കൊല്ക്കത്ത - സിലിഗുരു റോഡ് നവീകരണവും ഉള്പ്പെടുന്നു.
d. ആസാമില് 19,000 കോടിയുടെ ദേശീയപാത പ്രവൃത്തികള് പുരോഗമിക്കുന്നു. അടുത്ത 3 വര്ഷത്തില് 1300 കി.മീ, ദേശീയപാത 34,000 കോടി രൂപ ചെലവില് നിര്മിക്കും.

52. 2021- 22 ല് പ്രവത്തനനം നടക്കുന്ന പ്രധാന ഇടനാഴികളുടെയും പദ്ധതികളുടെയും വിവരങ്ങള് അനുബന്ധംII ല് ചേര്ത്തിരിക്കുന്നു.

**റെയില്വേ അടിസ്ഥാന വികസനം**

54. ഇന്ത്യന് റെയില്‍വേ, ദേശീയ റെയില് പദ്ധതി- 2030 ആസൂത്രണം ചെയ്തിട്ടുണ്ട്. 2030 ഓടെ 'ഭാവി സജ്ജ' മായ റെയില്‍വേ സമ്പ്രദായം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

55. 'മേക്ക് ഇന് ഇന്ത്യ' യാഥാര്‍ത്ഥ്യമാക്കുന്നതിന് വ്യവസായരംഗത്തെ ചരക്ക് നീക്ക ചെലവ് കുറയ്ക്കുക എന്നതാണ് നമ്മുടെ പ്രധാന നയം. 2022 ജൂണില് പശ്ചിമ, പൂര്‍വ്വ ഡെഡിക്കേറ്റഡ് ചരക്ക് ഇടനാഴികള് കമ്മീഷന് ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ചുവടെ ചേര്‍ത്തിരിക്കുന്ന പദ്ധതികള് അധികമായി നിര്‍ദ്ദേശിക്കുന്നു.

a. പൂര്‍വ ചരക്ക് ഇടനാഴിയുടെ സോന് നഗര്‍ - ഗോമോ സെക്ഷന് (263.7km) 2021 - 22 ല് പിപിപി മാതൃകയില് ഏറ്റെടുക്കും. തുടര്‍ന്ന്, ഗോമോ - ഡാന്‍കുനി സെക്ഷനും (274.3 കി.മീ.) ഏറ്റെടുക്കും.
b. ഖരഗ്പൂര്‍ - വിജയവാഡ ഈസ്റ്റ് കോസ്റ്റ് ഇടനാഴി, ഭൂസവല് - ഖരഗ്പൂര്‍ - ഡാന്‍കുനി ഈസ്റ്റ് വെസ്റ്റ് ഇടനാഴി, ഇറ്റാര്‍സി - വിജയവാഡ നോര്‍ത്ത് - സൗത്ത് ഇടനാഴി എന്നീ ഭാവി ഡെഡിക്കേറ്റഡ് ചരക്ക് ഇടനാഴി പദ്ധതികള് ആരംഭിക്കും. ആദ്യഘട്ടത്തില് വിശദമായ പദ്ധതി റിപ്പോര്‍ട്ട് സമര്‍പ്പിക്കും.
c. വൈദ്യുതീകരിച്ച ബ്രോഡ്ഗേജ് പാത (റൂട്ട് കിലോമീറ്റര്‍) 2020 ഒക്ടോബര്‍ 1 ലെ 41,548 റൂട്ട് കിലോമീറ്ററില് നിന്നും, 2021 അവസാനത്തോടെ വര്‍ധിച്ച് 72% ത്തോളം (46,000RKM) ആകുമെന്ന് പ്രതീക്ഷിക്കുന്നു. 2023 ഡിസംബറോടെ ബ്രോഡ് ഗേജ് പാതകള് 100% വും വൈദ്യുതീകരിക്കും.

56) യാത്രക്കാരുടെ സൗകര്യത്തിനും സുരക്ഷയ്ക്കുമായി താഴെ പറയുന്ന നടപടികള് ശുപാര്‍ശ ചെയ്യുന്നു.

d. വിനോദ സഞ്ചാരികള്‍ക്ക് മികച്ച യാത്രാനുഭവം സാധ്യമാക്കുന്നതിന്, ടൂറിസ്റ്റ് റൂട്ടുകളില് മനോഹരമായി രൂപകല്‍പ്പന ചെയ്ത വിസ്ത ഡോം LHB കോച്ചുകള് ആരംഭിക്കും.
e. കഴിഞ്ഞ 5 വര്‍ഷമായി സ്വീകരിച്ച സുരക്ഷാ നടപടികള് ഫലം കണ്ടിട്ടുണ്ട്. ഈ നടപടികള് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മനുഷ്യരുടെ പിഴവ് മൂലമുള്ള ട്രെയിന് കൂട്ടിയിടിക്കല് ഒഴിവാക്കുന്നതിന് തദ്ദേശീയമായി വികസിപ്പിച്ച ഓട്ടോമാറ്റിക് ട്രെയിന് സംരക്ഷണ സംവിധാനം പ്രാവര്‍ത്തികമാക്കും. ഇതിനായി സാന്ദ്രതകൂടിയതും, വ്യാപകമായി ഉപയോഗിക്കപ്പെടുന്നതുമായ റെയില്‍വേ റൂട്ടുകളുടെ വിവരങ്ങള് ലഭ്യമാക്കും.
f. റെയില്‍വേക്കായി, ഞാന് 1,07,100 കോടി മൂലധനച്ചെലവ് ഉള്‍പ്പെടെ 1,10,055 കോടി രൂപയുടെ റെക്കോഡ് തുക നല്‍കുന്നു.

**നഗര അടിസ്ഥാന സൗകര്യം**

57. മെട്രോ റെയില് ശൃംഖലയും സിറ്റി ബസ് സര്വീസും വര്ധിപ്പിച്ച് നഗര മേഖലയിലെ പൊതുഗതാഗത സൗകര്യം ഞങ്ങള് വര്ധിപ്പിക്കും. പൊതു ബസ് ഗതാഗത സേവനം വര്ധിപ്പിക്കുന്നതിനായി 18,000 കോടി രൂപ ചെലവില് പുതിയ പദ്ധതി ആരംഭിക്കും. സ്വകാര്യ മേഖലയിലുള്ള വര്ക്ക് 20,000 ബസുകളുടെ അറ്റകുറ്റപ്പണി, നിര്വഹണം, വാങ്ങല് ധനസഹായം എന്നിവയില് പങ്കെടുക്കാന് കഴിയുന്ന വിധത്തില് പുതിയ PPP മാതൃകയിലായിരിക്കും പദ്ധതി നടപ്പാക്കുക. വാഹന മേഖലയ്ക്ക് ഉണര്വേകുന്ന പദ്ധതി സാമ്പത്തിക വളര്ച്ച പ്രോത്സാഹിപ്പിക്കുകയും യുവാക്കള്ക്ക് തൊഴിലവസരങ്ങള് സൃഷ്ടിക്കുകയും നഗരവാസികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യും.

58. ആകെ 702km മെട്രോ പ്രവര്ത്തനനിരതമാണ്. 27 നഗരങ്ങളിലായി 1016 km മെട്രോയും RRTS ഉം നിര്മാണത്തിലിരിക്കുന്നു. ഒന്നാം നിര നഗരങ്ങളുടെ പ്രാന്തപ്രദേശങ്ങളിലും രണ്ടാംനിര നഗരങ്ങളിലും കുറഞ്ഞ ചെലവില് മെട്രോയുടെ എല്ലാ സുരക്ഷയും സൗകര്യവുമുള്ള പുതിയ രണ്ട് സാങ്കേതികവിദ്യകള്, 'മെട്രോ ലൈറ്റ്', 'മെട്രോ നിയോ' എന്നിവ യാഥാര്ഥ്യമാക്കും.

59. **താഴെപ്പറയുന്നവയ്ക്കുള്ള കേന്ദ്ര ധനസഹായ വിഹിതം**

a. 1975.05 കോടി ചെലവില് 11.5 കിലോമീറ്ററിന്റെ കൊച്ചി മെട്രോ റെയില്വേ രണ്ടാംഘട്ടം
b. 63,246 കോടിയുടെ 118.9 കി.മീ. ചെന്നൈ മെട്രോ റെയില്വേ രണ്ടാംഘട്ടം
c. 14,788 കോടിയുടെ ബംഗളൂരു മെട്രോ റെയില് പദ്ധതിയുടെ 58.19 കിലോമീറ്ററിന്റെ 2A, 2B ഘട്ടങ്ങള്
d. 5976 കോടിയുടെ നാഗ്പൂര് മെട്രോ പദ്ധതി രണ്ടാംഘട്ടവും 2092 കോടിയുടെ നാസിക് മെട്രോ പദ്ധതിയും

**വൈദ്യുതി അടിസ്ഥാന വികസനം**

60. വൈദ്യുതി മേഖലയില് കഴിഞ്ഞ 6 വര്ഷമായി നിരവധി പരിഷ്ക്കാരങ്ങളും പുരോഗതികളുമുണ്ടായി. 2.8 കോടി കുടുംബങ്ങളെക്കൂടി ഉള്പ്പെടുത്തി 139 ജിഗാവാട്ട് സ്ഥാപിതശേഷി വര്ധിപ്പിച്ചു. 1.41 ലക്ഷം സര്ക്യൂട്ട് കിലോമീറ്റര് പ്രസരണ ലൈനുകള് കൂട്ടിച്ചേര്ത്തു.

61. രാജ്യമെമ്പാടുമുള്ള ഗവണ്മെന്റ്, സ്വകാര്യ മേഖലയിലെ വിതരണ കമ്പനികള് കുത്തകവല്ക്കരിക്കപ്പെട്ടിരിക്കുകയാണ്. മത്സരം പ്രോത്സാ ഹിപ്പിച്ചുകൊണ്ട് ഉപഭോക്താക്കള്ക്ക് തെരഞ്ഞെടുക്കാന് അവസരം നല്കേണ്ടത് അനിവാര്യമാണ്. ഒന്നിലധികം വിതരണ കമ്പനികളില് നിന്നും തെരഞ്ഞെടുക്കാന് ഉപഭോക്താവിന് അവസരം നല്കുന്ന സംവിധാനം കൊണ്ടുവരും.

62. വിതരണ കമ്പനികളുടെ ക്ഷമത, ഒരു ഗുരുതര പ്രശ്നമാണ്. 5 വര്ഷത്തേക്ക് 3,05,984 കോടി രൂപ മുടക്കുമുതലില് പുനപരിഷ്ക്കരിച്ച ഫല അധിഷ്ഠിത വൈദ്യുത വിതരണ പദ്ധതി ആരംഭിക്കും. പ്രീപെയ്ഡ് സ്മാര്ട്ട് മീറ്ററുകള്, ഫീഡര് സെപ്പറേഷന്, നിലവിലുള്ള സമ്പ്രദായ ങ്ങളുടെ നവീകരണം തുടങ്ങി സാമ്പത്തിക പുരോഗതിയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിന് വിതരണ കമ്പനികളെ ഈ പദ്ധതി സഹായിക്കും.

63. 2020 നവംബറിൽ, 3-ാമത് റീ-ഇന്‌വെസ്റ്റ് കോണ്ഫെറന്സില് ഒരു സമഗ്ര ദേശീയ ഹൈഡ്രജന് ഊര്ജ ദൗത്യം രൂപീകരിക്കുന്നതിനെപ്പറ്റി പ്രധാനമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഹരിതവൈദ്യുത സ്രോതസുകളില് നിന്ന് ഹൈഡ്രജന് ഉല്പ്പാദിപ്പിക്കുന്നതിന് 2021 - 22 വര്ഷത്തില് ഹൈഡ്രജന് ഊര്ജ ദൗത്യം ആരംഭിക്കാന് ശുപാര്ശ ചെയ്യുന്നു.

**തുറമുഖങ്ങള്, ഷിപ്പിങ്, ജലപാതകള്**

64. പ്രധാന തുറമുഖങ്ങളുടെ നടത്തിപ്പ് ചുമതല സ്വന്തമായി നിര്വഹിക്ക ന്നതില് നിന്നും, അവര്ക്ക് വേണ്ടി സ്വകാര്യ പങ്കാളികള് നടത്തുന്ന മാതൃകയിലേയ്ക്ക് മാറുന്നു.

2021 - 22 സാമ്പത്തിക വര്ഷത്തില് പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയില് പ്രധാനതുറമുഖങ്ങള്ക്കായി 2000 കോടി രൂപയുടെ 7 പ്രധാന പദ്ധതികള് നടപ്പാക്കും.

65. ഇന്ത്യയില് ചരക്ക് കപ്പലുകളെ പ്രോത്സാഹിപ്പിക്കുന്നതിന്, മന്ത്രാലയ ങ്ങളും, സിപിഎസ്ഇകളും നടത്തുന്ന ആഗോള ടെണ്ടറുകളില് ഇന്ത്യന് കപ്പല് കമ്പനികള്ക്ക് സബ്സിഡി പിന്തുണ നല്കും. അടുത്ത 5 വര്ഷത്തേയ്ക്കായി 1624 കോടിരൂപ നല്കും. സമുദ്രമേഖലയിലെ ഇന്ത്യന് കമ്പനികള്ക്ക് ആഗോളതലത്തിലെ വിഹിതം വര്ധിപ്പിക്ക ന്നതിനൊപ്പം പരിശീലനവും, നിരവധി തൊഴിലവസരങ്ങളും ഈ സംരംഭത്തിലൂടെ സംജാതമാകും.

66. റീസൈക്ലിങ് ഓഫ് ഷിപ്പ്സ് ആക്ട്, 2019 ഇന്ത്യ നടപ്പാക്കുകയും ഹോങ് കോങ് അന്താരാഷ്ട്ര ഉടമ്പടിയില് ചേരുകയും ചെയ്തിട്ടുണ്ട്. ഗുജറാത്തിലെ അലാങിലുള്ള 90 ഓളം കപ്പല് പുനചംക്രമണ യാര്ഡുകള്ക്ക് എച്ച്കെസി സര്ട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. യൂറോപ്പില് നിന്നും ജപ്പാനില് നിന്നും കൂടുതല് കപ്പലുകള് ഇന്ത്യയിലെത്തിക്കാന് പരിശ്രമിക്കും. 2024 ഓടെ റീസൈക്ലിങ് ശേഷി ദശലക്ഷം ലൈറ്റ് ഡിസ്പ്ലെയ്സ് മെന്റ് ടണ്ണില് നിന്നും ഇരട്ടിയാക്കുന്നതിന് നടപടികള് സ്വീകരിക്കും. ഇതിലൂടെ നമ്മുടെ യുവാക്കള്ക്കായി 1.5 ലക്ഷം തൊഴിലവസരങ്ങള് സൃഷ്ടിക്കാ നാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പെട്രോളിയം - പ്രകൃതിവാതകം**

67. കോവിഡ് 19 ലോക്ക് ഡൗണ് കാലത്ത് പോലും ഗവണ്മെന്റ് രാജ്യമെമ്പാടും ഇന്ധനവിതരണം തടസമില്ലാതെ നിര്വഹിച്ചു.ഈ മേഖലയ്ക്ക് ജനങ്ങളുടെ ജീവിതത്തിലെ നിര്ണായക സ്വാധീനം പരിഗണിച്ച് താഴെപ്പറയുന്ന നടപടികള് പ്രഖ്യാപിക്കുന്നു.

a. 8 കോടി കുടുംബങ്ങള്ക്ക് പ്രയോജനകരമായ ഉജ്വല പദ്ധതി ഒരു കോടി ഗുണഭോക്താക്കള്ക്ക് കൂടി നല്കും
b. സിറ്റി ഗ്യാസ് വിതരണ ശൃംഖലയില് 3 വര്ഷം കൊണ്ട് 100 ജില്ലകളെ കൂടി ഉള്പ്പെടുത്തും.
c. ജമ്മു & കാശ്മീര് കേന്ദ്രഭരണ പ്രദേശത്ത് ഒരു വാതക പൈപ്പ്ലൈന് പദ്ധതി നടപ്പാക്കും.
d. എല്ലാ പ്രകൃതി വാതക പൈപ്പ് ലൈന് ശൃംഖലകളിലും വിവേചന രഹിതമായി എല്ലാവര്ക്കും ഇന്ധനം ലഭ്യമാകുന്ന വിധത്തില് ബുക്കിങ് ഏകോപനം നിര്വഹിക്കുന്നതിന് ഒരു സ്വതന്ത്ര ഗ്യാസ് ട്രാന്സ്പോര്ട്ട് സിസ്റ്റം ഓപ്പറേറ്റര് സ്ഥാപിക്കും.

**സാമ്പത്തിക മൂലധനം**

68. സെബി ആക്ട് 1992, ഡെപോസിറ്ററീസ് ആക്ട് 1996, സെക്യൂരിറ്റീസ് കോണ്ട്രാക്ടസ് (റെഗുലേഷന്) ആക്ട് 1956, ഗവണ്മെന്റ് സെക്യൂരിറ്റീസ് ആക്ട് 2007 എന്നിവ സംയോജിപ്പിച്ച് സമഗ്രമായ ഒരു സെക്യൂരിറ്റീ മാര്ക്കറ്റ് കോഡ് രൂപീകരിക്കാന് ഞാന് ശുപാര്ശ ചെയ്യുന്നു.

69. GIFT - ഇഫ്സ്സി യിൽ ലോകോത്തര ഫിന് - ടെക് ഹബ് വികസിപ്പിക്കുന്നതിന് ഗവണ്മെന്റ് പിന്തുണ നല്കും.

70. പ്രതിസന്ധി കാലയളവില് കോര്പ്പറേറ്റ് ബോണ്ട് മാര്ക്കറ്റ് നിക്ഷേപകര്ക്ക് ആത്മവിശ്വാസം നല്കുന്നതിനും ദ്വിതീയ വിപണി പണ ലഭ്യത വര്ധിപ്പിക്കുന്നതിനും ഒരു സ്ഥിര സ്ഥാപന ചട്ടക്കൂടിന് ശുപാര്ശ ചെയ്യുന്നു. ഈ സ്ഥാപനം പ്രതിസന്ധിയിലും, സാധാരണ സമയത്തും നിക്ഷേപ ഗ്രേഡ് കടം ഓഹരികള് വാങ്ങുകയും ഓഹരി വിപണിയുടെ വികസനത്തെ സഹായിക്കുകയും ചെയ്യും.

71. 2018 - 19 ലെ ബജറ്റില്, രാജ്യത്ത് സ്വര്ണ്ണ വിനിമയത്തിന് ഒരു റെഗുലേറ്റഡ് സമ്പ്രദായമാരംഭിക്കുന്നതിന് പ്രഖ്യാപിച്ചിരുന്നു. ഇതിനായി സെബി നിയന്ത്രണ ഏജന്സിയാകും. സ്വര്ണ്ണക്കട്ടികളുടെ നിക്ഷേപം, മൂല്യനിര്ണ്ണയം, ചരക്ക് നീക്കം, സംഭരണം തുടങ്ങിയവും ഉല്പ്പന്ന വിപണി അന്തരീക്ഷം സൃഷ്ടിക്കുകയും

ചെയ്യുന്നതിന് വെയര്ഹൗസിങ് ഡെവലപ്മെന്റ് & റെഗുലേറ്ററിനെ ശക്തിപ്പെടുത്തും.

72. നിക്ഷേപകരെ സംരക്ഷിക്കുന്നതിന്, എല്ലാ സാമ്പത്തിക ഉല്പ്പന്നങ്ങളിലും എല്ലാ നിക്ഷേപകര്ക്കും ഒരു നിക്ഷേപക ചാര്ട്ടര് അവകാശമാക്കും.

73. പാരമ്പര്യേതര ഊര്ജമേഖലയെ കൂടുതല് ശക്തിപ്പെടുത്തുന്നതിന്, സോളാര് എനര്ജി കോര്പ്പറേഷന് ഓഫ് ഇന്ത്യയ്ക്ക് 1000 കോടി രൂപ അധികമായി നല്കും. ഇന്ത്യന് റിന്യൂവബിള് എന്ര്ജി ഡെവലപ്മെന്റ് ഏജന്സിക്ക് 1500 കോടി രൂപ.

**ഇന്ഷുറന്സ് മേഖലയില് എഫ്ഡിഐ വര്ധന**

74. ഇന്ഷുറന്സ് കമ്പനികളില് അനുവദനീയമായ നേരിട്ടുള്ള വിദേശ നിക്ഷേപ പരിധി 49% ല് നിന്നും 74% ആയി ഉയര്ത്തുന്നതിനും വിദേശ ഉടമസ്ഥാവകാശവും സുരക്ഷിതമായ നിയന്ത്രണവും അനുവദിക്കുന്നതിനും ഇന്ഷുറന്സ് ആക്ട്, 1938 ഭേദഗതി വരുത്താന് ഞാന് ശുപാര്ശ ചെയ്യുന്നു.

പുതിയ ഘടനയുടെ കീഴില്, ബോര്ഡ് ഡയറക്ടര്മാരും മാനേജ്മെന്റ് തലവന്മാരും ഇന്ത്യയിലെ താമസക്കാരായിരിക്കും. കുറഞ്ഞത് 50% ഡയറക്ടര്മാര് സ്വതന്ത്ര ചുമതലയുള്ളവരും, ലാഭത്തിന്റെ നിശ്ചിത ശതമാനം ജനറല് റിസര്വായി സൂക്ഷിക്കുകയും ചെയ്യും.

**പുതിയ ഘടന രൂപീകരിക്കുന്നത് വഴി കിട്ടാക്കടം പരിഹരിക്കും.**

75. പൊതുമേഖല ബാങ്കുകള്ക്ക് കിട്ടാക്കടം പരിഹരിക്കുന്നതിന് ഒരു ഉന്നതതല സംവിധാനം ഏര്പ്പെടുത്തും. ഇതിനായി അസറ്റ് റികണ്സ്ട്രക്ഷന് കമ്പനി ലിമിറ്റഡും അസറ്റ് മാനേജ്മെന്റ് കമ്പനിയും സ്ഥാപിക്കും. നിലവിലെ കിട്ടാക്കടം ഏറ്റെടുക്കുന്നതിനും ഇത് ബദല് നിക്ഷേപ ഫണ്ടിലേയ്ക്കും മറ്റ് നിക്ഷേപകരിലേക്കും മാറ്റി, മൂല്യ നിര്ണയം നടത്തുന്നതിനും സഹായിക്കും.

**പൊതുമേഖലാ ബാങ്കുകളുടെ പുനര്മൂലധനവല്ക്കരണം**

76. പൊതുമേഖലാ ബാങ്കുകളുടെ ധനശേഷി സമഗ്രമാക്കുന്നതിന് 2021 - 22 വര്ഷത്തില് 20,000 കോടി രൂപയുടെ പുനര് മൂലധനവല്ക്കരണം

**ഡിപ്പോസിറ്റ് ഇന്ഷുറന്സ്**

77. കഴിഞ്ഞവര്ഷം, ബാങ്ക് ഉപഭോക്താക്കളുടെ ഇന്ഷുറന്സ് പരിരക്ഷ, ഒരു ലക്ഷത്തില് നിന്നും 5 ലക്ഷമായി ഗവണ്മെന്റ് വര്ധിപ്പിച്ചിട്ടുണ്ട്. ഡിഐസിജിസി ആക്ട്, 1961 ഭേദഗതി ഈ സെഷനില് തന്നെ വരുത്താന് ഞാന് ശുപാര്ശ

ചെയ്യുന്നു. ഇത് പ്രകാരം ഒരു ബാങ്കിന് താല്ക്കാലികമായി അതിന്റെ ബാധ്യതകള് നിറവേറ്റാനാകുന്നില്ലെങ്കില് ആ ബാങ്കിന്റെ നിക്ഷേപകര്ക്ക്, നിക്ഷേപ ഇന്ഷുറന്സ് പരിധി കാലയളവ് വരെ, അവരുടെ നിക്ഷേപങ്ങളില് സുഗമവും സമയബന്ധിതവുമായി ഇടപെടാനാകും. നിലവില് പ്രതിസന്ധി നേരിടുന്ന ബാങ്കുകളിലെ നിക്ഷേപകരെ ഇത് സഹായിക്കും.

78. ചെറുകിട വായ്പ എടുക്കുന്നവരുടെ താല്പ്പര്യം സംരക്ഷിച്ച് കൊണ്ട് വായ്പ നടപടികള് മെച്ചപ്പെടുത്തുന്നതിന് ഏറ്റവും കുറഞ്ഞത് 100 കോടി രൂപ ആസ്തിയുള്ള ബാങ്കിതര ധനകാര്യ സ്ഥാപനങ്ങള് (NBFCs) ളുടെ കടം വീണ്ടെടുക്കലിന് അര്ഹമായ വായ്പ പരിധി സെക്യൂരിറ്റൈസേഷന് ആന്റ് റീകണ്സ്ട്രക്ഷന് ഓഫ് ഫിനാന്ഷ്യല് അസറ്റ് ആന്റ് എന്ഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് (SARFAESI) ആക്ട്, 2002 പ്രകാരം നിലവിലെ 50 ലക്ഷത്തില് നിന്നും 20 ലക്ഷമായി കുറച്ചു.

79. കമ്പനീസ് ആക്ട്, 2013 ന് കീഴിലെ നടപടി, സാങ്കേതിക പിഴവുകള്ക്ക് ക്രിമിനല് ശിക്ഷ കുറയ്ക്കുന്നത് ഇപ്പോള് പൂര്ത്തിയായി. ലിമിറ്റഡ് ലയബിലിറ്റി പാര്ട്ണര്ഷിപ്പ് (LLP) ആക്ട് 2008 ന്റെ ഡിക്രിമിനലൈസേഷന് ഏറ്റെടുക്കുന്നതിന് ഞാന് ശുപാര്ശ ചെയ്യുന്നു.

80. സര്, ചെറുകിട കമ്പനികള്ക്കായുള്ള കമ്പനീസ് ആക്ട് 2013 ന്റെ നിര്വചനം പരിഷ്ക്കരിക്കുന്നതിന് ഞാന് ശുപാര്ശ ചെയ്യുന്നു. പെയ്ഡ് അപ്പ് മൂലധനം, 50 ലക്ഷത്തില് കവിയാത്തതില് നിന്നും 2 കോടിയില് കവിയാത്തതായി മാറ്റുന്നു. വിറ്റുവരവ് 2 കോടിയില് കവിയാത്തതില് നിന്നും 20 കോടിയില് കവിയാത്തതായി വര്ധിപ്പിക്കുന്നു. ഇത് രണ്ട് ലക്ഷത്തിലധികം കമ്പനികള്ക്ക് അവരുടെ ആവശ്യങ്ങള് സുഗമമാക്കുന്നതിന് സഹായിക്കും.

81. സ്റ്റാര്ട്ട് അപ്പുകള്, നിക്ഷേപകര് എന്നിവര്ക്ക് നേരിട്ട് നേട്ടമുണ്ടാക്കുന്നതിന്, ഏക വ്യക്തി കമ്പനികള്ക്ക് (OPCs) കിഴിവ് നല്കി പെയ്ഡ് അപ്പ് മൂലധനം, വിറ്റുവരവ് എന്നീ നിയന്ത്രണങ്ങളില്ലാതെ ഈ കമ്പനികളെ വളരാന് അനുവദിക്കും. ഏത് സമയത്തും വേണമെങ്കില് ഈ കമ്പനിയെ മറ്റ് ഏത് വിഭാഗമായി മാറ്റാനും കഴിയും. ഒപിസി സ്ഥാപിക്കുന്നതിന് ഇന്ത്യന് പൗരന്റെ താമസകാലാവധി 182 ദിവസത്തില് നിന്നും 120 ദിവസമായി കുറച്ചു. കൂടാതെ പ്രവാസി (NRI) കള്ക്ക് ഇന്ത്യയില് ഒപിസി സ്ഥാപിക്കാന് അനുമതി

82. കേസുകള് വേഗത്തില് പരിഹരിക്കുന്നതിന് എന്സിഎല്റ്റി സംവിധാനം ശക്തിപ്പെടുത്തും. എം.എസ്.എം.ഇകള്ക്കായി പ്രത്യേക ഇ-കോര്ട്ട് സംവിധാനം, കടം കുറയ്ക്കുന്നതിന് ബദല് മാര്ഗങ്ങള് എന്നിവ ഏര്പ്പെടുത്തും.

83. 2021 - 22 സാമ്പത്തിക വര്‍ഷത്തില്‍, ഡാറ്റ അനലിറ്റിക്സ്, നിര്‍മിത ബുദ്ധി, മെഷീന്‍ ലേണിങ് എന്നിവയിലധിഷ്ഠിതമായ MCA 21, 3.0 പുറത്തിറക്കുകയാണ്. സൂക്ഷ്മ പരിശോധന, വിധിന്യായം, ആലോചന സമാഹരണം എന്നിവ ഇന്റര്‍നെറ്റ് വഴി ചെയ്യാനുള്ള അധിക മൊഡ്യൂളുകള്‍ ഈ പുതിയ പതിപ്പിലുണ്ട്.

**ഓഹരി വിറ്റഴിക്കലും നയതന്ത്ര വില്പനയും**

84. കോവിഡ് 19 നിടയിലും നയതന്ത്ര ഓഹരി വിറ്റഴിക്കലില്‍ നാം മുന്നോട്ട് പോയി. ബിപിസിഎല്‍, എയര്‍ ഇന്ത്യ, ഷിപ്പിങ് കോര്‍പ്പറേഷന്‍ ഓഫ് ഇന്ത്യ, കണ്ടെയ്നര്‍ കോര്‍പ്പറേഷന്‍ ഓഫ് ഇന്ത്യ, ഐഡിബിഐ ബാങ്ക്, ബിഇഎംഎല്‍, പവന്‍ഹാന്‍സ്, നീലാചാല്‍സ്പത് നിഗം ലിമിറ്റഡ് തുടങ്ങിയവയുടെ ഓഹരി വിറ്റഴിക്കല്‍ 2021 - 22 ല്‍ പൂര്‍ത്തിയാകും. ഐഡിബിഐ ബാങ്കിനു പുറമെ, രണ്ട് പൊതുമേഖലാ ബാങ്കുകളുടെയും ഒരു ജനറല്‍ ഇന്‍ഷുറന്‍സ് കമ്പനിയുടെയും സ്വകാര്യവല്‍ക്കരണത്തിന് 2021 - 22 ല്‍ പദ്ധതിയുണ്ട്. ഇതിന് നിയമഭേദഗതി ആവശ്യമായുണ്ട്. ഈ സമ്മേളനത്തില്‍ത്തന്നെ ഭേദഗതി കൊണ്ടുവരാന്‍ ഞാന്‍ ശുപാര്‍ശചെയ്യുന്നു.

85. എല്‍.ഐ.സിയുടെ പ്രാഥമിക ഓഹരി വിറ്റഴിക്കല്‍ നടപടികള്‍ 2021 - 22 ല്‍ ആരംഭിക്കും. അതിനായി ഈ സമ്മേളനത്തില്‍ത്തന്നെ ആവശ്യമായ ഭേദഗതി കൊണ്ടുവരും.

86. പൊതുമേഖലാ സംരംഭങ്ങളുടെ നയതന്ത്ര ഓഹരി വിറ്റഴിക്കല്‍ നടപടികള്‍, ആത്മനിര്‍ഭര്‍ പാക്കേജില്‍ ഞാന്‍ പ്രഖ്യാപിച്ചിരുന്നു. ഈ നയം ഗവണ്‍മെന്റ് അംഗീകരിച്ചതായി സഭയെ അറിയിക്കുന്നതില്‍ എനിക്ക് സന്തോഷമുണ്ട്. നയതന്ത്രവും അല്ലാത്തതുമായ എല്ലാ മേഖലകളിലെയും ഓഹരി വിറ്റഴിക്കലിന് വ്യക്തമായ മാര്‍ഗരേഖ, ഈ നയം നല്‍കുന്നു. നയതന്ത്ര പ്രാധാന്യമുള്ള നാല് മേഖലകള്‍ നാം തിരഞ്ഞെടുക്കുകയും അവിടെ ഏറ്റവും കുറഞ്ഞ സിപിഎസ്ഇകള്‍ നിലനില്‍ക്കുകയും ശേഷിക്കുന്നവ സ്വകാര്യവല്‍ക്കരിക്കുകയും ചെയ്യും. മറ്റുള്ള മേഖലകളില്‍ എല്ലാ സിപിഎസ്ഇകളെയും സ്വകാര്യവല്‍ക്കരിക്കും. നയത്തിന്റെ പ്രധാന പ്രത്യേകതകള്‍ അനുബന്ധം III ല്‍ ചേര്‍ത്തിരിക്കുന്നു.

87. ഓഹരി വിറ്റഴിക്കല്‍ നയം ത്വരിതപ്പെടുത്തുന്നതിന്, നയതന്ത്ര ഓഹരി വിറ്റഴിക്കലിനായി തെരഞ്ഞെടുക്കേണ്ട കേന്ദ്ര പൊതുമേഖലാ കമ്പനികളുടെ പട്ടിക തയ്യാറാക്കാന്‍ ഞാന്‍ 'നിതി'യോട് ആവശ്യപ്പെടുന്നു.

88. സമാനമായി, സംസ്ഥാനങ്ങള്‍ക്കും അവരുടെ പൊതുമേഖലാ കമ്പനികളുടെ ഓഹരി വില്‍ക്കുന്നതിന്, പ്രത്യേക കേന്ദ്ര ആനുകൂല്യം നല്‍കുന്നതിന് പദ്ധതി തയ്യാറാക്കും.

89. നിഷ്ക്രിയ ആസ്തികള് ആത്മനിര്ഭര് ഭാരതിന് സംഭാവന നല്കില്ല. ഗവണ്മെന്റ് മന്ത്രാലയങ്ങള് / വകുപ്പുകള്, പൊതുമേഖലാ സംരംഭങ്ങള് എന്നിവയുടെ ഭാഗമായി അധിക ഭൂമിയായാണ് ഇവയുടെ ഭൂരിഭാഗവുമുള്ളത്. ഇവ വില്ക്കുകയോ, കരാറിന് നല്കുകയോ മറ്റോ ചെയ്ത് ധനസമാഹരണത്തിന് ലക്ഷ്യമിടുന്നു. ഇതിനായി സ്പെഷ്യല് പര്പ്പസ് വെഹിക്കിള് കമ്പനി രൂപീകരിക്കാന് ഞാന് ശുപാര്ശ ചെയ്യുന്നു.

90. നഷ്ടത്തിലായ പൊതുമേഖലാ സംരംഭങ്ങള് യഥാസമയം അടച്ച് പൂട്ടുന്നതിന്, പ്രത്യേകം നവീകരിച്ച സംവിധാനം ആരംഭിക്കും.

91. 2021 - 22 ല് ഓഹരി വില്പ്പനയിലൂടെ 1,75,000 കോടി സമാഹരിക്കാനാവുമെന്ന് കണക്ക് കൂട്ടുന്നു.

**ഗവണ്മെന്റ് ധനകാര്യ പരിഷ്ക്കരണങ്ങള്**

92. ട്രഷറി സിംഗിള് അക്കൗണ്ട് (TSA) സമ്പ്രദായം വഴി സ്വയംഭരണ സ്ഥാപനങ്ങള്ക്ക്, ഗവണ്മെന്റ് അക്കൗണ്ടില് നിന്നും യഥാര്ഥ ചെലവ് സമയത്ത് പലിശ ചെലവ് ലാഭിച്ചുകൊണ്ട് പണം പിന്വലിക്കാന് കഴിയും. ഈ ടിഎസ്.എ സമ്പ്രദായം 2021 - 22 മുതല് സര്വതലത്തില് ലഭ്യമാക്കും.

93. 15-ാം ധന കമ്മീഷന്റെ ശുപാര്ശ പ്രകാരം, കേന്ദ്ര സ്പോണ്സേഡ് പദ്ധതികളുടെ എണ്ണം യുക്തിസഹമായി കുറച്ചിട്ടുണ്ട്. ഇത് മികച്ച ഫലപ്രാപ്തിക്ക് മുടക്ക് മുതല് സമാഹരണത്തിന് സഹായിക്കും.

94. ബഹുസംസ്ഥാന സഹകരണ മേഖലയുടെ വികസനത്തിന് ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. സഹകരണ മേഖലയില് ബിസിനസ് സൗഹൃദമാക്കുന്നതിന് അവര്ക്കായി പ്രത്യേക ഭരണ സംവധാനം രൂപീകരിക്കാന് ഞാന് ശുപാര്ശ ചെയ്യുന്നു.

**3. അഭിലാഷ ഇന്ത്യയ്ക്കായി ഉള്ച്ചേര്ക്കലിലൂടെയുള്ള വികസനം**

95. ബഹുമാനപ്പെട്ട സ്പീക്കര്, ഈ അടിസ്ഥാന സ്തംഭത്തിന് കീഴില് കൃഷി, അനുബന്ധമേഖലകള്, കര്ഷക ക്ഷേമം, ഗ്രാമീണ ഇന്ത്യ, കുടിയേറ്റ തൊഴിലാഴികള്, തൊഴില്, സാമ്പത്തിക ഉള്ച്ചേര്ക്കല് എന്നിവയാണ് ഉള്പ്പെട്ടിരിക്കുന്നത്.

**കൃഷി**

96. കര്ഷകരുടെ ക്ഷേമത്തിനായി നമ്മുടെ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. എല്ലാ ഉല്പ്പന്നങ്ങളുടെയും ചെലവിന്റെ കുറഞ്ഞത് 1.5 മടങ്ങ് എങ്കിലും എം.എസ്.പി.

ഇനത്തില് നല്കി വില ഉറപ്പാക്കി. സംഭരണവും, സ്ഥിരമായ വേഗത്തില് വര്ധിക്കുന്നു. ഇത് കര്ഷകരുടെ വരുമാനം വര്ധിപ്പിക്കുന്നു.

97. ഗോതമ്പിന്, 2013 - 2014 കാലയളവില് 33,874 കോടിയാണ് കര്ഷകര്ക്ക് നല്കിയത്. 2019 - 2020 ല് ഇത് 62,802 കോടിയും, 2020 - 21 ല് അതിലും കൂടുതലായി, 75,060 കോടിയും കര്ഷകര്ക്ക് നല്കി. 2019 - 2020 ല് ആനുകൂല്യം ലഭിച്ച ഗോതമ്പ് കര്ഷകരുടെ എണ്ണം 35.57 ലക്ഷമായിരുന്നത് 2020 - 21 ല് 43.36 ലക്ഷമായി ഉയര്ന്നു.

98. നെല്ലിന്, 2013 - 14 വര്ഷത്തില് 63,928 കോടിയാണ് കര്ഷകര്ക്ക് നല്കിയത്. 2019 - 20 ല് ഇത് 1,41,930 കോടിയായി ഉയര്ന്നു. 2020 - 21 ല് ഇത് പിന്നെയും ഉയര്ന്ന് 1,72,752 കോടിയായി കണക്കാക്കുന്നു. പ്രയോജനം ലഭിച്ച കര്ഷകരുടെ എണ്ണം 2019 - 20 ല് 1.24 കോടിയായിരുന്നത് 2020 - 21 ല് 1.54 കോടിയായി ഉയര്ന്നു.

99. സമാനമായി, 2013 - 14 ല് പയറുവര്ഗങ്ങള്ക്ക് കര്ഷകര്ക്ക് 236 കോടി രൂപ നല്കി. 2019 - 21 ല് ഇത് 8285 കോടി രൂപയായി ഉയര്ന്നു. 2020 - 21 ല് ഇത് 10,530 കോടിയായി. 2013 - 14 നേക്കാള് 40 മടങ്ങ് വര്ധന

100. പരുത്തി കര്ഷകര്ക്ക് 2013 - 14 ല് 90 കോടി ലഭിച്ചത്, 25,974 കോടി എന്ന ഭീമാകാരമായ വര്ധനയായി (27.1.2021 പ്രകാരം) വിശദാംശങ്ങള് പട്ടിക IV ല്

101. ഈ വര്ഷമാദ്യം, ബഹുമാനപ്പെട്ട പ്രധാനമന്ത്രി സ്വാമിത്വ പദ്ധതി ഉദ്ഘാടനം ചെയ്തിരുന്നു. ഈ പദ്ധതിയിന് കീഴില് ഗ്രാമങ്ങളിലെ വസ്തു ഉടമകള്ക്ക് അവയുടെ അവകാശരേഖ കൈമാറി. ഇതുവരെ 1,241 ഗ്രാമങ്ങളിലെ 1.80 ലക്ഷം വസ്തു ഉടമകള്ക്ക് കാര്ഡ് നല്കി. 21 - 22 സാമ്പത്തിക വര്ഷം ഈ പദ്ധതി എല്ലാ സംസ്ഥാനങ്ങളിലും / കേന്ദ്ര ഭരണ പ്രദേശങ്ങളിലും വ്യാപിപ്പിക്കാന് ഞാന് ശുപാര്ശ ചെയ്യുന്നു.

102. നമ്മുടെ കര്ഷകര്ക്ക് ആവശ്യത്തിന് വായ്പ നല്കുന്നതിന്, 2022 സാമ്പത്തിക വര്ഷത്തില്, കാര്ഷിക വായ്പാ 16.5 ലക്ഷം കോടിയായി ഉയര്ത്തി. മൃഗസംരക്ഷണം, ക്ഷീര, മത്സ്യകര്ഷകര്ക്ക് വായ്പാ ലഭ്യത വര്ധിപ്പിക്കും.

103. ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട് 30,000 കോടിയില് നിന്നും 40,000 കോടിയായി ഞങ്ങള് വര്ധിപ്പിക്കുന്നു.

104. സൂക്ഷ്മ ജലസേചന ഫണ്ടിനായി 5000 കോടിരൂപ നബാര്ഡിന് നല്കിയിട്ടുണ്ട്. 5000 കോടി രൂപ കൂടി അധികമായി നല്കി വര്ധിപ്പിക്കാന് ഞാന് ശുപാര്ശ ചെയ്യുന്നു.

105. കൃഷി, അനുബന്ധ മേഖലയിലെ ഉല്പ്പന്നങ്ങളുടെ മൂല്യവര്ധനയും കയറ്റുമതിയുമായുള്ള 'ഓപ്പറേഷന് ഗ്രീന് പദ്ധതി' യിന് നിലവിലുള്ള തക്കാളി, ഉള്ളി, ഉരുളന്കിഴങ്ങ് എന്നിവയെക്കൂടാതെ 22 ഉല്പ്പന്നങ്ങളെക്കൂടി ഉള്പ്പെടുത്തി വിപുലമാക്കി.

106. 1.68 കോടി കര്ഷകര് രജിസ്റ്റര് ചെയ്ത ഇ-നാം പോര്ട്ടല് വഴി 1.14 ലക്ഷം കോടിയുടെ വില്പ്പനയും നടന്നു. കാര്ഷിക വിപണന രംഗത്ത് ഇ-നാം കൊണ്ടുവന്ന സുതാര്യതയും മത്സരക്ഷമയും പരിഗണിച്ച് 1000 മാണ്ഡികള്കൂടി ഇ-നാമുമായി സംയോജിപ്പിക്കും.

107. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എപിഎംസികള്ക്ക് കാര്ഷിക അടിസ്ഥാന വികസനഫണ്ട് ലഭ്യമാക്കും.

**മത്സ്യബന്ധനം**

108. ആധുനിക മത്സ്യബന്ധന ഹാര്ബറുകള്ക്കും ഫിഷ്ലാന്റിങ് കേന്ദ്രങ്ങ ളുടെ വികസനത്തിനും കാര്യമായ നിക്ഷേപം ഞാന് ശുപാര്ശ ചെയ്യുന്നു. ഇതിനായി 5 പ്രധാന മത്സ്യബന്ധന ഹാര്ബറുകള് - കൊച്ചി, ചെന്നൈ, വിശാഖപട്ടണം, പാരദീപ്, പെത്വഘട്ട് എന്നിവ സാമ്പത്തിക പ്രവര്ത്തനങ്ങളുടെ ഹബ്ബ് ആക്കി മാറ്റും. ഉള്നാടന് മത്സ്യബന്ധന ഹാര്ബറുകളും ഫിഷ്ലാന്റിങ് സെന്ററുകളും നദികളുടെയും ജലപാതകളുടെയും തീരങ്ങളില് സ്ഥാപിക്കും.

109. തീരദേശ വിഭാഗങ്ങളുടെ ജീവിതം മാറ്റിമറിക്കാന് ശേഷിയുള്ള ഒരു ഉയര്ന്നുവരുന്ന മേഖലയാണ് കടല്പ്പായല് കൃഷി. ഇത് കൂടുതല് തൊഴിലവസരങ്ങളും അധിക വരുമാനവും സൃഷ്ടിക്കും. കടല്പ്പായല് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു വിവിധോദ്ദേശ്യ കടല്പ്പായല് പാര്ക്ക് തമിഴ്നാട്ടില് സ്ഥാപിക്കുന്നതിന് ഞാന് ശുപാര്ശ ചെയ്യുന്നു.

**കുടിയേറ്റ തൊഴിലാളികൾ**

110. ഞങ്ങൾ ആരംഭിച്ച ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതിയിലൂടെ രാജ്യത്ത് എവിടെ നിന്ന് വേണമെങ്കിലും ഉപഭോക്താവിന് റേഷൻ വാങ്ങാൻ കഴിയും. പ്രത്യേകിച്ച് കുടിയേറ്റ തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.കുടുംബത്തിൽ നിന്ന് അകന്ന് കഴിയുന്നവർക്ക് പകുതി ഭാഗവും ശേഷിക്കുന്നവ അവരുടെ കുടുംബത്തിന് സ്വദേശത്തും വാങ്ങാനാകും.22 സംസ്ഥാനങ്ങൾ /കേന്ദ്ര ഭരണ പ്രദേശങ്ങൾ നടപ്പാക്കിയ ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി വഴി 86% ഉണഭോക്താക്കൾക്ക് (69 കോടി) പ്രയോജനം ലഭിച്ചു എന്ന് നിങ്ങളെ അറിയിക്കുന്നതിൽ ഞാൻ സന്തുഷ്ടയാണ്. അടുത്ത ഏതാനും

മാസങ്ങൾകൊണ്ട് ശേഷിക്കുന്ന നാല് സംസ്ഥാനങ്ങൾ /കേന്ദ്ര ഭരണ പ്രദേശങ്ങൾ ഈ പദ്ധതിയിൽ ചേരും

111. അസംഘടിതമേഖലയിലെ പ്രത്യേകിച്ച്, കുടിയേറ്റ തൊഴിലാളികൾ ക്കായി നടത്തുന്ന പരിശ്രമങ്ങളുടെ ഭാഗമായി റിക്ഷാ തൊഴിലാളികൾ, കെട്ടിട- നിർമ്മാണ തൊഴിലാളികൾ എന്നിവരുടെ സമഗ്ര വിവരം ഉൾക്കൊള്ളുന്ന പോർട്ടൽ ആരംഭിക്കാൻ ഞാൻ ശുപാർശ ചെയ്യുന്നു. കുടിയേറ്റ തൊഴിലാളികൾക്കായി ആരോഗ്യ, നൈപുണ്യ, ഇൻഷുറൻസ് , വായ്പ പദ്ധതികൾ ആസൂത്രണം ചെയ്യാൻ സഹായിക്കും.

112. ഇരുപത് വർഷം മുൻപ് ആരംഭിച്ച ഒരു ബൃഹത് പ്രക്രിയ സമാപിച്ചു കൊണ്ട് 4 തൊഴിൽ നിയമങ്ങൾ നടപ്പാക്കുകയാണ്. ആദ്യമായി ആഗോളതലത്തിൽ സാമൂഹ്യസുരക്ഷാ നേട്ടങ്ങൾ റിക്ഷ,പ്ലാറ്റ്ഫോം തൊഴിലാളികൾക്ക് ലഭിക്കും,എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പാക്കും. എല്ലാ തൊഴിലാളികളെയും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപറേഷൻ പരിധിയിൽ ഉൾപ്പെടുത്തും. സ്ത്രീകളെ എല്ലാ വിഭാഗം ജോലികളിലും, രാത്രി ഷിഫ്റ്റിൽ മതിയായ സംരക്ഷണത്തോടെ പ്രവർത്തിക്കാൻ അനുവദിക്കും. അതെ സമയം ഒറ്റത്തവണ രജിസ്ട്രേഷൻ,ലൈസൻസിങ് , ഓൺലൈൻ റിട്ടേൺ എന്നിവയിലൂടെ തൊഴിലാളികളുടെ ഭാരം കുറയ്ക്കും.

**സാമ്പത്തിക ഉൾചേർക്കൽ**

113. സ്റ്റാൻഡ് അപ്പ് ഇന്ത്യ പദ്ധതിയിൻ കീഴിൽ എസ് സി,എസ് ടി വിഭാഗം, സ്ത്രീകൾ എന്നിവർക്ക് വായ്പ ഉദാരമാക്കുന്നതിന് മാർജിൻ മണി ആവശ്യകത 25 ശതമാനത്തിൽ നിന്നും 15 ശതമാനമായി കുറയ്ക്കുന്നു.

114. എം എസ് എം ഇ മേഖലയെ പിന്തുണയ്ക്കുന്നതിനായി നാം നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ബജറ്റിൽ മേഖലയ്ക്കായി 15,700 കോടി രൂപ ഞാൻ അനുവദിക്കുന്നു. ഈ വർഷത്തെ ബജറ്റ് ചെലവിനേക്കാൾ രണ്ട് മടങ്ങ് അധികമാണ്.

**4. മനുഷ്യവിഭവശേഷി സജീവമാക്കൽ**

115. അടുത്തിടെ പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസ നയത്തിന് (എന്ഇപി) നല്ല സ്വീകരണമാണ് ലഭിച്ചത്.

**സ്കൂള് വിദ്യാഭ്യാസം**

116. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ എല്ലാ ഘടകങ്ങളും ഉള്പ്പെടുത്തുന്നതിനായി 15,000ല് അധികം സ്കൂളുകള് ഗുണപരമായി ശക്തിപ്പെടുത്തും. നയത്തിന്റെ

ആശയങ്ങള് നേടിയെടുക്കുന്നതിന് തങ്ങളുടെ പ്രദേശങ്ങളിലെ മാതൃകാപരമായ സ്കൂളുകളായി അവ ഉയര്ന്നുവരും, മറ്റ് സ്കൂളുകളെ അവ ഈ ദിശയിലേക്കു നയിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യും.

117. സര്ക്കാരിതര സന്നദ്ധ സംഘടനകള്/ സ്വകാര്യ സ്കൂളുകള് / സംസ്ഥാനങ്ങള് എന്നിവയുമായി സഹകരിച്ച് 100 പുതിയ സൈനിക് സ്കൂളുകള് ആരംഭിക്കും.

**ഉന്നത വിദ്യാഭ്യാസം**

118. 2019-20 ലെ ബജറ്റില്, ഉന്നത വിദ്യാഭ്യാസ കമ്മീഷന് രൂപീകരിക്കുന്നതിനെക്കുറിച്ച് ഞാന് പരാമര്ശിച്ചിരുന്നു. ഇത് നടപ്പാക്കുന്നതിനായി ഞങ്ങള് ഈ വര്ഷം നിയമനിര്മ്മാണം നടത്തും. നിലവാര ക്രമീകരണം, അക്രഡിറ്റേഷന്, നിയന്ത്രണം, ധനസഹായം എന്നിവയ്ക്കായി 4 പ്രത്യേക വിഭാഗങ്ങളുള്ള ഒരു പൊതുസംവിധാനമായിരിക്കും ഇത്.

119. നമ്മുടെ പല നഗരങ്ങളിലും വിവിധ ഗവേഷണ സ്ഥാപനങ്ങള്, സര്വ്വകലാശാലകള്, ഇന്ത്യാ ഗവണ്മെന്റിന്റെ പിന്തുണയുള്ള കോളേജുകള് എന്നിവയുണ്ട്. ഉദാഹരണത്തിന് ഹൈദരാബാദില് ഇത്തരം 40 പ്രധാന സ്ഥാപനങ്ങളാണുള്ളത്. അത്തരം 9 നഗരങ്ങളില്, ഔപചാരിക പൊതുഘടനകള് രൂപീകരിക്കും. അതുവഴി ഈ സ്ഥാപനങ്ങള്ക്ക് മികച്ച ഏകോപനം നേടാനും അവയുടെ ആന്തരിക സ്വയംഭരണാധികാരം നിലനിര്ത്താനും കഴിയും. ഇതിനായി ഒരു പ്രത്യേക ഗ്രാന്റ് നീക്കിവയ്ക്കും.

120. ലഡാക്കില് ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുന്നതിന് ലേയില് ഒരു കേന്ദ്ര സര്വകലാശാല സ്ഥാപിക്കണമെന്ന നിര്ദേശം ഞാന് മുന്നോട്ടുവയ്ക്കുന്നു.

121. എന്ഇപിയുടെ ഭാഗമായി ഏറ്റെടുക്കേണ്ട മറ്റ് പ്രധാന പദ്ധതികള് അനുബന്ധം V ല് പട്ടികപ്പെടുത്തിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവര്ഗ ക്ഷേമം**

122. നമ്മുടെ ആദിവാസി മേഖലകളില് 750 ഏകലവ്യാ മാതൃകാ റെസിഡന്ഷ്യല് സ്കൂളുകള് സ്ഥാപിക്കുകയെന്ന ലക്ഷ്യമാണ് ഞങ്ങള്ക്കുള്ളത്. അത്തരത്തിലുള്ള ഓരോ സ്കൂളിന്റെയും യൂണിറ്റ് ചെലവ് 20 കോടിയില് നിന്ന് 38 കോടി രൂപയായും മലയോര, ദുര്ഘട പ്രദേശങ്ങളില് 48 കോടി രൂപയായും ഉയര്ത്താന് ഞാന് നിര്ദ്ദേശിക്കുന്നു. നമ്മുടെ ആദിവാസി വിദ്യാര്ത്ഥികള്ക്ക് ശക്തമായ അടിസ്ഥാന സൗ കര്യങ്ങള് സൃഷ്ടിക്കാന് ഇത് സഹായിക്കും.

123. പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി പോസ്റ്റ് മെട്രിക് സ്കോളര്ഷിപ്പ് പദ്ധതി ഞങ്ങള് നവീകരിച്ചു. ഇക്കാര്യത്തില് ഞാന് കേന്ദ്രസഹായം വര്ദ്ധിപ്പിക്കുകയും ചെയ്തു. 4 കോടി പട്ടികജാതി വിദ്യാര്ത്ഥികള്ക്ക് പ്രയോജനപ്പെടുന്നതിനായി 2025-2026 വരെ 6 വര്ഷത്തേക്ക് ഞങ്ങള് 35,219 കോടി രൂപ അനുവദിച്ചു.

**നൈപുണ്യം**

124. 10. 2016 ല് ഞങ്ങള് ദേശീയ തൊഴില്പരിശീലന പ്രോല്സാഹന പദ്ധതി ആരംഭിച്ചു. നമ്മുടെ യുവാക്കള്ക്ക് പരിശീലന അവസരങ്ങള് കൂടുതല് വര്ദ്ധിപ്പിക്കുന്നതിനായി അപ്രന്റീസ്ഷിപ്പ് നിയമത്തില് ഭേദഗതി വരുത്താന് സര്ക്കാര് നിര്ദ്ദേശിക്കുന്നു. വിദ്യാഭ്യാസാനന്തര പരിശീലനം, ബിരുദധാരികള്ക്കും എഞ്ചിനീയറിംഗില് ഡിപ്ലോമ കൈവശമുള്ളവര്ക്കും പരിശീലനം എന്നിവയ്ക്കായി നിലവിലുള്ള ദേശീയ അപ്രന്റീസ്ഷിപ്പ് പരിശീലന പദ്ധതി (നാറ്റ്സ്) ഞങ്ങള് പുന:സ്സംവിധാനം ചെയ്യും. 3,000 കോടിയിലധികം രൂപ ഇതിനായി നല്കും.

125. യുണൈറ്റഡ് അറബ് എമിറേറ്റ്സുമായുള്ള (യുഎഇ) പങ്കാളിത്ത ത്തോടെ, നൈപുണ്യ യോഗ്യതകള്, വിലയിരുത്തല്, സര്ട്ടിഫിക്കേ ഷന് എന്നിവ മാനദണ്ഡമാക്കുന്നതിനുള്ള ഒരു സംരംഭം നടന്നുവരുന്നു. ഒപ്പം സാക്ഷ്യപ്പെടുത്തിയ തൊഴിലാളികളെ വിന്യസിക്കുകയും ചെയ്യുന്നു. ജാപ്പനീസ് വ്യാവസായിക, തൊഴില് നൈപുണ്യങ്ങള്, സാങ്കേതികത, അറിവ് എന്നിവ കൈമാറുന്നതിനായി ഇന്ത്യയും ജപ്പാനും തമ്മില് ഒരു സഹകരണ പരിശീലന ഇന്റര് ട്രെയിനിംഗ് പ്രോഗ്രാം (ടിഐടിപി) ഉണ്ട്. ഈ സംരംഭം ഇനിയും നിരവധി രാജ്യങ്ങളുമായി ഞങ്ങള് മുന്നോട്ട് കൊണ്ടുപോകും.

**നവീകരണവും ഗവേഷണ-വികസന പ്രവര്ത്തനങ്ങളും**

126. 2019 ജൂലൈയിലെ എന്റെ ബജറ്റ് പ്രസംഗത്തില് ഞാന് ദേശീയ ഗവേഷണ ഫൗണ്ടേഷന് പ്രഖ്യാപിച്ചിരുന്നു. ഞങ്ങള് ഇപ്പോള് രീതികള് വികസിപ്പിച്ചെടുത്തിട്ടുണ്ട്; എന്ആര്എഫ് വിഹിതം 5 വര്ഷത്തിനുള്ളില് 50,000 കോടി രൂപയായിരിക്കും. പ്രത്യേകം കണ്ടെത്തിയ ദേശീയ മുന്ഗണനാ മേഖലകളില് ശ്രദ്ധ കേന്ദ്രീകരിച്ച് രാജ്യത്തിന്റെ മൊത്തത്തിലുള്ള ഗവേഷണ പരിസ്ഥിതി വ്യവസ്ഥ ശക്തിപ്പെടുത്തുന്നുവെന്ന് ഇത് ഉറപ്പാക്കും.

127. സമീപകാലത്ത് ഡിജിറ്റല് പണമിടപാടുകളില് പലമടങ്ങ് വര്ധനയുണ്ടായി. ഡിജിറ്റല് ഇടപാടുകള്ക്ക് കൂടുതല് കരുത്ത് പകരാന്, ഡിജിറ്റല് പണമടയ്ക്കല് രീതികള് പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക പ്രോത്സാഹനം നല്കുന്ന ഒരു നിര്ദ്ദിഷ്ട പദ്ധതിക്കായി ഞാന് 1,500 കോടി രൂപ നീക്കിവച്ചിരിക്കുന്നു.

128. നാഷണല് ലാംഗ്വേജ് ട്രാന്സ്ലേഷന് മിഷന് (എന്ടിഎല്എം) എന്ന പുതിയ ഒരു സംരംഭം ഞങ്ങള് നടപ്പാക്കും. പ്രധാന ഇന്ത്യന് ഭാഷകളില് ഭരണ-നയവുമായി ബന്ധപ്പെട്ട വിജ്ഞാന സമ്പത്ത് ഇതു വഴി ഇന്റനെറ്റില് ലഭ്യമാക്കും.

129. ബ്രസീലില് നിന്ന് അമസോണിയ ഉപഗ്രഹവും കുറച്ച് ചെറിയ ഇന്ത്യന് ഉപഗ്രഹങ്ങളും വഹിച്ച്, ബഹിരാകാശ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ന്യൂ സ്പേസ് ഇന്ത്യ ലിമിറ്റഡ് (എന്എസ്ഐഎല്) പിഎസ്എല്വി-സിഎസ് 51 വിക്ഷേപണം നടപ്പാക്കും,

130. ഗഗന്യാന് ദൗത്യ പ്രവര്ത്തനങ്ങളുടെ ഭാഗമായി, നാല് ഇന്ത്യന് ബഹിരാകാശയാത്രികര്ക്ക് റഷ്യയില് പൊതുവായ ബഹിരാകാശ യാത്രാ വശങ്ങളെക്കുറിച്ച് പരിശീലനം നല്കിവരുന്നു. ആദ്യത്തെ ആളില്ലാ വിക്ഷേപണം 2021 ഡിസംബറിലാണ്.

131. നമ്മുടെ സമുദ്രങ്ങള് ജീവനുള്ളതും ജീവനില്ലാത്തതുമായ വിഭവങ്ങളുടെ ഒരു കലവറയാണ്. ഈ മേഖലയെ നന്നായി മനസിലാക്കാന്, അഞ്ച് വര്ഷത്തിനിടെ 4,000 കോടിയിലധികം രൂപയുടെ ബജറ്റ് വിഹിതത്തോടെ ഞങ്ങള് ഒരു ആഴക്കടല് ദൗത്യം ആരംഭിക്കും. ആഴക്കടല് പര്യവേക്ഷണവും ആഴക്കടലിന്റെ ജൈവ വൈവിധ്യ സംരക്ഷണത്തിനായുള്ള പദ്ധതികളും ഈ ദൗത്യത്തിന്റെ ഭാഗമായിരിക്കും.

**മിനിമം ഗവണ്മെന്റ്, പരമാവധി ഭരണം**

132. സ്പീക്കര് സര്, ഞാന് ഇപ്പോള് ആറ് സ്തൂപങ്ങളില് അവസാനത്തേതില് എത്തി. ഇത് മിനിമം ഗവണ്മെന്റ്, പരമാവധി ഭരണം എന്ന ഞങ്ങളുടെ പ്രധാന തത്വങ്ങളിലൊന്നായ പരിഷ്കാരങ്ങള്ക്കുള്ള പദ്ധതികളുടെ രൂപരേഖയാണു നല്കുന്നത്.

133. വേഗത്തില് നീതി നടപ്പാക്കുന്നതിനു കഴിഞ്ഞ കുറച്ച് വര്ഷങ്ങളായി ട്രൈബ്യൂണലുകളില് പരിഷ്കാരങ്ങള് കൊണ്ടുവരുന്നതിന് ഞങ്ങള് നിരവധി നടപടികള് കൈക്കൊണ്ടിട്ടുണ്ട്. പരിഷ്കരണ പ്രക്രിയ തുടരുന്ന ട്രൈബ്യൂണലുകളുടെ പ്രവര്ത്തനം യുക്തിസഹമാക്കുന്നതിന് കൂടുതല് നടപടികള് കൈക്കൊള്ളാനുള്ള നിര്ദേശം ഞാനിപ്പോള് മുന്നോട്ടുവയ്ക്കുന്നു.

134. 56 അനുബന്ധ ആരോഗ്യ പരിപാലന മേഖലകളുടെ സുതാര്യവും കാര്യക്ഷമവുമായ നിയന്ത്രണം ഉറപ്പാക്കുന്നതിന് ഞങ്ങള് നാഷണല് കമ്മീഷന് ഫോര് അലൈഡ് ഹെല്ത്ത് കെയര് പ്രൊഫഷണലുകള് ബില് പാര്ലമെന്റില് അവതരിപ്പിച്ചു. കൂടാതെ, നഴ്സിംഗ് തൊഴിലില് സുതാര്യത, കാര്യക്ഷമത, ഭരണ പരിഷ്കാരങ്ങള്

എന്നിവ കൊണ്ടുവരുന്നതിന്, ദേശീയ നഴ്സിംഗ്, മിഡ്വൈഫറി കമ്മീഷന് ബില് അവതരിപ്പിച്ചു പാസ്സാക്കും.

135. ഗവണ്മെന്റുമായോ സിപിഎസ്ഇകളുമായോ ഇടപാടുകള് നടത്തുന്നവര്ക്കായി ഇടപാടുകള് എളുപ്പമാക്കുന്നതിനും കരാറുകള് നടപ്പാക്കുന്നതിനും, ഒരു അനുരഞ്ജന സംവിധാനം രൂപീകരിക്കാനും കരാര് തര്ക്കങ്ങള് വേഗത്തില് പരിഹരിക്കുന്നതിനായി അതിന്റെ ഉപയോഗം നിര്ബന്ധമാക്കാനും ഞാന് നിര്ദ്ദേശിക്കുന്നു. ഇത് സ്വകാര്യ നിക്ഷേപകരിലും കരാറുകാരിലും ആത്മവിശ്വാസം വളര്ത്തും.

136. വരാനിരിക്കുന്ന കാനേഷുമാരി കണക്കെടുപ്പ് ഇന്ത്യയുടെ ചരിത്രത്തിലെ ആദ്യത്തെ ഡിജിറ്റല് സെന്സസ് ആയിരിക്കും. ചരിത്രത്തിലെ നാഴികക്കല്ലായി അടയാളപ്പെടുത്തുന്ന ഈ ദൗത്യത്തിനായി ഞാന് 2021-2022 ല് 3,768 കോടി രൂപ അനുവദിക്കുന്നു.

137. പോര്ച്ചുഗീസ് ഭരണത്തില് നിന്നുള്ള മോചനത്തിന്റെ വജ്ര ജൂബിലി വര്ഷം ഗോവ ആഘോഷിക്കുകയാണ്. ആഘോഷങ്ങള്ക്കായി ഗോവ സര്ക്കാരിന് 300 കോടി രൂപ ഗ്രാന്റ് നല്കാന് ഞാന് നിര്ദ്ദേശിക്കുന്നു.

138. അസമിലെയും പശ്ചിമ ബംഗാളിലെയും തേയിലത്തൊഴിലാളികളുടെ, പ്രത്യേകിച്ച് സ്ത്രീകളുടെയും അവരുടെ കുട്ടികളുടെയും ക്ഷേമത്തിനായി 1,000 കോടി രൂപ നല്കാന് ഞാന് നിര്ദ്ദേശിക്കുന്നു. ഇതിനായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കും.

**ധനപരമായ സ്ഥിതി**

139. നടപ്പു സാമ്പത്തിക വര്ഷത്തിന്റെ തുടക്കത്തില്, സമ്പദ്വ്യവസ്ഥയെ ബാധിച്ച പകര്ച്ചവ്യാധിയുടെ സ്വാധീനം വരുമാനപ്രവാഹം ദുര്ബലമാകാന് കാരണമായതിലേക്കു എന്റെ പ്രസംഗത്തിന്റെ ഭാഗം എ-യിലെ അവസാനത്തെ ചില ഖണ്ഡികകളില്, ഈ ആദരണീയ സഭയുടെ ശ്രദ്ധ ഞാന് ക്ഷണിച്ചു. സമൂഹത്തിലെ ദുര്ബല വിഭാഗങ്ങള്ക്ക് പ്രത്യേകിച്ച് ദരിദ്രര്, സ്ത്രീകള്, പട്ടികജാതി - വര്ഗ്ഗ വിഭാഗങ്ങള് എന്നിവര്ക്ക് അവശ്യമായ ആശ്വാസം നല്കുന്നതിനായി ഉയര്ന്ന ചെലവുകളുമായി ഇത് സംയോജിപ്പിച്ചു.

140. മറ്റ് പല രാജ്യങ്ങളില് നിന്ന് വ്യത്യസ്തമായി, മഹാമാരിക്കാലത്തു നാം ഇടത്തരം പാക്കേജുകള് തിരഞ്ഞെടുത്തു. അങ്ങനെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിനനുസരിച്ച് നമ്മുടെ സമീപനം രൂപപ്പെടുത്താനും ലക്ഷ്യം നിര്ണയിക്കാനും കഴിയും. ആരോഗ്യസ്ഥിതി സുസ്ഥിരമാവുകയും ലോക്ക്ഡൗണ്

ക്രമേണ നീക്കുകയും ചെയ്യുന്ന ആഭ്യന്തര ആവശ്യത്തിനൊപ്പിച്ച് ഞങ്ങള് ഗവണ്മെന്റ് ചെലവുകള് ക്രമപ്പെടുത്തുന്നതിലേക്കു മാറി. തല്ഫലമായി, 2020-2021 ലെ യഥാര്ത്ഥ ബജറ്റ് ചെലവ് 30.42 ലക്ഷം കോടി രൂപയില് നിന്ന്, 34.50 ലക്ഷം കോടി രൂപയുടെ ഗുണനിലവാരം ഞങ്ങള് നിലനിര്ത്തി. മൂലധനച്ചെലവ് 2020-2021ല് 4.39 ലക്ഷം കോടി രൂപയായി കണക്കാക്കുന്നു. 2020-21 ലെ ബജറ്റ് കണക്കുകൂട്ടല് 4.12 ലക്ഷം കോടി രൂപയായിരുന്നു.

141. 2020-21 ലെ ധനക്കമ്മി ജിഡിപിയുടെ 9.5% ആണ്. ഗവണ്മെന്റ് വായ്പകള്, ബഹുരാഷ്ട്ര വായ്പകള്, ചെറുകിട സംരക്ഷണ ഫണ്ടുകള്, ഹ്രസ്വകാല വായ്പകള് എന്നിവയിലൂടെ ഞങ്ങള് ഇതിന് ധനസഹായം നല്കി. ഈ രണ്ട് മാസത്തിനുള്ളില് വിപണിയെ സമീപിക്കുന്നതിന് മറ്റൊരു 80,000 കോടി രൂപ വേണം. സമ്പദ്വ്യവസ്ഥയ്ക്ക് ആവശ്യമായ മുന്നേറ്റം നല്കുന്നുവെന്ന് ഉറപ്പാക്കുന്നതിന്, 2021-2022 ലെ ബജറ്റ് എസ്റ്റിമേറ്റ് 34.83 ലക്ഷം കോടി രൂപയാണ്. മൂലധനച്ചെലവായ 5.54 ലക്ഷം കോടി രൂപയും ഇതില് ഉള്പ്പെടുന്നു, 2020-2021 ലെ ബജറ്റ് കണക്കുകളേക്കാള് 34.5 ശതമാനം വര്ധന. 2021-2022 ലെ ധനക്കമ്മി ജിഡിപിയുടെ 6.8% ആയി കണക്കാക്കപ്പെടുന്നു. അടുത്ത വര്ഷം വിപണിയില് നിന്ന് മൊത്തം വായ്പയെടുക്കുന്നത് ഏകദേശം 12 ലക്ഷം കോടി രൂപയാണ്. ധന ഏകീകരണ പാതയില് തുടരാനാണ് ഞങ്ങള് പദ്ധതിയിടുന്നത്. 2025-2026 ഓടെ ജിഡിപിയുടെ 4.5 ശതമാനത്തില് താഴെയുള്ള ധനക്കമ്മി നിലവാരത്തിലെത്താന് ഞങ്ങള് ആഗ്രഹിക്കുന്നു. ആദ്യം തന്നെ ഏകീകരണം കൈവരിക്കാമെന്നും പ്രതീക്ഷിക്കുന്നു. മെച്ചപ്പെട്ട പാലനത്തിലൂടെ നികുതി വരുമാനത്തിന്റെ ഊര്ജ്ജം വര്ദ്ധിപ്പിക്കും, രണ്ടാമതായി, പൊതുമേഖലാ സംരംഭങ്ങളും ഭൂമിയും ഉള്പ്പെടെയുള്ള ആസ്തികളുടെ ധനസമ്പാദനത്തില് നിന്നുള്ള വര്ദ്ധിച്ച വരുമാനം. ധന ബില്ലിലൂടെ ആകസ്മിക വിനിയോഗത്തുക 500 കോടിയില് നിന്ന് 30,000 കോടിയായി ഉയര്ത്താന് ഉദ്ദേശിക്കുന്നു.

142. 15-ാമത് ധനകാര്യ കമ്മീഷന്റെ കാഴ്ചപ്പാടുകള്ക്ക് അനുസൃതമായി, സംസ്ഥാനങ്ങള്ക്ക് അറ്റ വായ്പയുടെ സാധാരണ പരിധി ഞങ്ങള് 2021-2022 വര്ഷത്തില് ജിഎസ്ഡിപിയുടെ 4% അനുവദിക്കുന്നു. ഈ പരിധിയിലെ ഒരു ഭാഗം വര്ദ്ധിക്കുന്ന മൂലധനച്ചെലവിനായി ചെലവഴിക്കും. ജിഎസ്ഡിപിയുടെ 0.5% അധിക വായ്പയെടുക്കല് പരിധി വ്യവസ്ഥകള്ക്ക് വിധേയമായി നല്കും. 15-ാമത് ധനകാര്യ കമ്മീഷന് നിര്ദ്ദേശിച്ച പ്രകാരം 2023-24 ഓടെ സംസ്ഥാനങ്ങള് ജിഎസ്ഡിപിയുടെ 3% ധനക്കമ്മിയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

143. 2019-2020 ജൂലൈയില് ഞാന് അധിക ബജറ്റ് വിഭവങ്ങളെക്കുറിച്ചുള്ള പ്രസ്താവന 27 അവതരിപ്പിച്ചു. ഗവണ്മെന്റ് ഏജന്സികളുടെ വായ്പകള് കേന്ദ്ര പദ്ധതികള്ക്കു ധനസഹായം ചെയ്യുന്നതിലേക്ക് പോയതിന്റെ തിരിച്ചടവ് ഭാരം സര്ക്കാരിനെ

ബാധിച്ചു. 2020-2021 ബജറ്റില്, എഫ്സിഐക്ക് സര്ക്കാര് നല്കിയ വായ്പകള് ഉള്പ്പെടുത്തിക്കൊണ്ട് ഞാന് പ്രസ്താവനയുടെ വ്യാപ്തി വര്ദ്ധിപ്പിച്ചു. ഈ ദിശയില് ഒരു പടി കൂടിക്കടന്ന്, ഭക്ഷ്യ സബ്സിഡിക്കായി എഫ്സിഐക്കുള്ള എന്സിഎസ് എഫ് വായ്പ നിര്ത്തലാക്കാന് ഞാന് നിര്ദ്ദേശിക്കുന്നു, അതനുസരിച്ച് 2020-21, 2021- 22 ബജറ്റ് വ്യവസ്ഥകള് എന്നിവയില് നല്കിയിട്ടുണ്ട്. അധിക ബജറ്റ് വിഭവങ്ങളുടെ വിശദാംശങ്ങള് അനുബന്ധം VI ല് ഉണ്ട്.

144. 2020-2021 മാര്ച്ച് 31 നകം ജിഡിപിയുടെ 3% ധനക്കമ്മി കൈവരിക്കാന് എഫ്ആര്ബിഎം നിയമം അനുശാസിക്കുന്നുവെന്ന് നമുക്കറിയാം. ഈ വര്ഷത്തെ അപ്രതീക്ഷിതവും അഭൂതപൂര്വമായ സാഹചര്യങ്ങളില് വ്യതിയാനം പ്രസ്താവന എഫ്.ആര്.ബി.എമ്മിന്റെ ഭാഗമായി ഒരു വ്യതിയാന പ്രസ്താവന ഞാന് സഭയില് വയ്ക്കുന്നു.

145. ഞാന് ഇതിനകം സൂചിപ്പിച്ച വിശാലമായ പാതയിലൂടെ കേന്ദ്ര സര്ക്കാര് ധനക്കമ്മി കൈവരിക്കുന്നതിന് ഞാന് എഫ്ആര്ബിഎം നിയമത്തില് ഒരു ഭേദഗതി അവതരിപ്പിക്കും.

147. 2021-2026 കാലഘട്ടം ഉള്ക്കൊള്ളുന്ന പതിനഞ്ചാം ധനകാര്യ കമ്മീഷന് അന്തിമ റിപ്പോര്ട്ട് 2020 ഡിസംബര് 9 ന് രാഷ്ട്രപതിജിക്ക് സമര്പ്പിച്ചു. പാര്ലമെന്റിന്റെ വിശദീകരണ മെമ്മോറാണ്ടത്തിനൊപ്പം സംസ്ഥാനങ്ങളുടെ ലംബ വിഹിതം 41% ആയി നിലനിര്ത്തുന്ന റിപ്പോര്ട്ട് സര്ക്കാര് ഈ സഭയില് സമര്പ്പിച്ചു. ധനപരമായ ഫെഡറലിസത്തോടുള്ള ഉത്തരവാദിത്തം ഞങ്ങള് തിരിച്ചറിയുന്നു. അതിനാല് ഈ ശുപാര്ശ പാലിക്കാനാണ് തീരുമാനം. ജമ്മു കശ്മീരിന് അധികാര വിഭജനം ലഭിക്കാന് അര്ഹതയുണ്ടായത് പതിനാലാം ധനകാര്യ കമ്മീഷനിലാണ്. ഇപ്പോള്, ജമ്മു കശ്മീര്, ലഡാക്ക് എന്നീ കേന്ദ്രഭരണ പ്രദേശങ്ങള്ക്കു സാമ്പത്തിക സഹായം കേന്ദ്രം നല്കും. കമ്മീഷന്റെ ശുപാര്ശ പ്രകാരം 2020-2021ല് 14 സംസ്ഥാന ങ്ങളിലേക്ക് 74,340 കോടി രൂപ നല്കിയ സ്ഥാനത്ത് 2021-2022 ല് 17 സംസ്ഥാനങ്ങള്ക്ക് 1,18,452 കോടി റവന്യൂ കമ്മി ഗ്രാന്റായി നല്കുന്നു.

ഞാന് ഇപ്പോള് എന്റെ പ്രസംഗത്തിന്റെ ഭാഗം ബി യിലേക്ക് പോകുകയാണ്.

## ഭാഗം ബി

147. ബഹുമാനപ്പെട്ട സ്പീക്കര്, ലോകം പകര്ച്ചവ്യാധിയുടെയും അതിന്റെ അനന്തരഫലത്തിന്റെയും ഗുരുതര വെല്ലുവിളി നേരിടുന്നു. ഈ ശ്രമകരമായ സമയങ്ങളില്, പല സമ്പദ്വ്യവസ്ഥകളും പുനരുജ്ജീവിപ്പിക്കാന് പാടുപെടുമ്പോള് നമ്മുടെ ജനങ്ങളും വ്യവസായവും ശ്രദ്ധേയമായ ഉന്മേഷമാണ് പ്രകടിപ്പിച്ചത്.

148. ഞാന് ഇതിനകം സൂചിപ്പിച്ചതുപോലെ, മഹാമാരിക്ക് ശേഷം, ഒരു പുതിയ ലോകക്രമം ഉയര്ന്നുവരുന്നതായി തോന്നുന്നു. അതില് ഏഷ്യ ഒരു പ്രമുഖ സ്ഥാനം നേടാന് തയ്യാറെടുക്കുകയാണ്; അതില് ഇന്ത്യയ്ക്ക് ഒരു പ്രധാന പങ്കുമുണ്ടാകും. ഈ സാഹചര്യത്തില്, നമ്മുടെ നികുതി സമ്പ്രദായം സുതാര്യവും കാര്യക്ഷമവുമായിരിക്കണം. മാത്രമല്ല നമ്മുടെ രാജ്യത്ത് നിക്ഷേപങ്ങളും തൊഴിലുകളും പ്രോല്സാഹിപ്പിക്കുകയും വേണം. അതേസമയം അത് നമ്മുടെ നികുതിദായകര് ചുമക്കുന്നതു കുറഞ്ഞ ഭാരമായിരിക്കുകയും വേണം.

**" സമ്പത്ത് സൃഷ്ടിക്കുകയും സമ്പാദിക്കുകയും സംരക്ഷിക്കുകയും പൊതുനന്മയ്ക്കായി വിതരണം ചെയ്യുകയും ചെയ്യുന്നയാളാണ് ഒരു രാജാവ് / ഭരണാധികാരി."**

**- തിരുക്കുറള് 385.**

### പ്രത്യക്ഷ നികുതി നിര്ദ്ദേശങ്ങള്

149. ഇത് മനസ്സില് വെച്ചുകൊണ്ട്, നമ്മുടെ നികുതിദായകരുടെയും സമ്പദ്വ്യവസ്ഥയുടെയും പ്രയോജനത്തിനായി ഞങ്ങളുടെ സര്ക്കാര് നേരിട്ടുള്ള നികുതി സമ്പ്രദായത്തില് നിരവധി പരിഷ്കാരങ്ങള് അവതരിപ്പിച്ചു. മഹാമാരിക്കു കുറച്ച് മാസങ്ങള്ക്ക് മുമ്പ്, നിക്ഷേപം ആകര്ഷിക്കുന്നതിനായി ഞങ്ങള് കോര്പ്പറേറ്റ് നികുതി നിരക്ക് വെട്ടിക്കുറച്ച് ലോകത്തെ ഏറ്റവും നികുതി താഴ്ന്ന രാജ്യങ്ങളിലൊന്നാക്കി മാറ്റി. ലാഭവിഹിത വിതരണ നികുതിയും നിര്ത്തലാക്കി. റിബേറ്റുകള് വര്ദ്ധിപ്പിച്ചുകൊണ്ട് ചെറുകിട നികുതിദായകരുടെ നികുതി ലഘൂകരിച്ചു. 2020 ല് റിട്ടേണ് ഫയലര്മാര് 2014 ല് 3.48 കോടി ആയിരുന്ന നികുതി റിട്ടേണ് സമര്പ്പിക്കുന്നവരുടെ എണ്ണം 2020ല് 6.48 കോടിയായി വര്ദ്ധിച്ചു.

150. നേരിട്ടുള്ള നികുതി ഭരണത്തില്, ഞങ്ങള് അടുത്തിടെ മുഖമില്ലാത്ത വിലയിരുത്തലും മുഖമില്ലാത്ത അപ്പീലും അവതരിപ്പിച്ചു. നികുതി നിര്വഹണം ലളിതമാക്കുന്നതിനും നടപടികള് ലഘൂകരിക്കുന്നതിനും വ്യവഹാരം കുറയ്ക്കുന്നതിനും ഞാന് ഇപ്പോള് കൂടുതല് നടപടികള് കൈക്കൊള്ളുകയാണ്.

### മുതിര്ന്ന പൗരന്മാര്ക്ക് ആശ്വാസം

151. നമ്മുടെ മുതിര്ന്ന പൗരന്മാര്ക്ക് എന്റെ പ്രണാമം അര്പ്പിച്ചുകൊണ്ട് ഞാന് നേരിട്ടുള്ള നികുതി നിര്ദേശങ്ങള് ആരംഭിക്കുന്നു. അവരില് പലരും, സ്വന്തമായി

നിരവധി അടിസ്ഥാന ആവശ്യങ്ങള് മുന്കൂട്ടി കണ്ടിട്ടും, നമ്മുടെ രാഷ്ട്രം കെട്ടിപ്പടുക്കാന് പരിശ്രമിച്ചു.

152. ഇപ്പോള് സ്വാതന്ത്ര്യത്തിന്റെ 75-ാം വര്ഷത്തില്, ഞങ്ങള് പുതിയ ഊര്ജ്ജസ്വലതയോടെ കുതിപ്പിനുള്ള തുടരുമ്പോള്, 75 വയസും അതില് കൂടുതലുമുള്ള നമ്മുടെ മുതിര്ന്ന പൗരന്മാര് വഹിക്കേണ്ട നികുതിഭാരം ഞങ്ങള് കുറയ്ക്കും. പെന്ഷനും പലിശ വരുമാനവും മാത്രമുള്ള മുതിര്ന്ന പൗരന്മാരെ അവരുടെ ആദായനികുതി റിട്ടേണ് സമര്പ്പിക്കുന്നതില് നിന്ന് ഒഴിവാക്കാന് ഞാന് നിര്ദ്ദേശിക്കുന്നു. പണമടയ്ക്കുന്ന ബാങ്ക് അവരുടെ വരുമാനത്തിന് ആനുപാതികമായ നികുതി കുറയ്ക്കും.

**ആദായനികുതി നടപടികള്ക്കുള്ള സമയം കുറയ്ക്കല്**

153. ബഹുമാനപ്പെട്ട സ്പീക്കര്, നിലവില്, 6 വര്ഷം വരെയും ഗുരുതരമായ നികുതി തട്ടിപ്പ് കേസുകളില് 10 വര്ഷം വരെയും നികുതി കണക്കാക്കല് വീണ്ടും തുറക്കാന് കഴിയും. തല്ഫലമായി, നികുതിദായകര് വളരെക്കാലം അനിശ്ചിതത്വത്തില് തുടരേണ്ടതുണ്ട്.

154. അതിനാല്, നികുതി കണക്കാക്കല് വീണ്ടും തുറക്കുന്നതിനുള്ള ഈ സമയപരിധി നിലവിലെ 6 വര്ഷത്തില് നിന്ന് 3 വര്ഷമായി കുറയ്ക്കാന് ഞാന് നിര്ദ്ദേശിക്കുന്നു. ഗുരുതര നികുതി വെട്ടിപ്പ് കേസുകളിലും, ഒരു വര്ഷത്തില് 50 ലക്ഷമോ അതില് കൂടുതലോ വരുമാനം മറച്ചുവെച്ചതിന് തെളിവുകള് ഉള്ളിടത്ത് മാത്രം, കണക്കാക്കല് 10 വര്ഷം വരെ വീണ്ടും തുറക്കാന് കഴിയും. ആദായനികുതി വകുപ്പിന്റെ ഏറ്റവും ഉയര്ന്ന തലത്തിലുള്ള പ്രിന്സിപ്പല് ചീഫ് കമ്മീഷണറുടെ അംഗീകാരത്തിനുശേഷം മാത്രമേ ഈ പുനരാരംഭം നടത്താന് കഴിയൂ.

**തര്ക്ക പരിഹാര സമിതി രൂപീകരിക്കുന്നു**

155. ബഹുമാനപ്പെട്ട സ്പീക്കര്, വ്യവഹാരങ്ങള് കുറയ്ക്കുകയെന്നത് ഈ ഗവണ്മെന്റിന്റെ തീരുമാനമാണ്, അത് നിലവിലെ നികുതി വ്യവസ്ഥയെ ബാധിക്കുന്നു.

156. ദീര്ഘകാലമായി നിലനില്ക്കുന്ന തര്ക്കങ്ങള് പരിഹരിക്കുന്നതിനും അവരുടെ സമയവും വിഭവങ്ങളും കൂടുതല് ബുദ്ധിമുട്ടില് നിന്ന് ഒഴിവാക്കുന്നതിനും നികുതിദായകര്ക്ക് അവസരം നല്കുന്നതിന് ഗവണ്മെന്റ് നേരിട്ടുള്ള നികുതി 'വിവാദ് സേ വിശ്വാസ്' പദ്ധതി നടപ്പാക്കി. നികുതിദായകരുടെ പ്രതികരണം എക്കാലത്തെയും മികച്ചതാണ്. ഒരു ലക്ഷത്തില പതിനായിരത്തിലധികം നികുതിദായകര് ഇതിനകം തന്നെ 85,000 കോടി രൂപയുടെ നികുതി തര്ക്കങ്ങള് പരിഹരിക്കാന് തീരുമാനിച്ചു.

157. ചെറുകിട നികുതിദായകര്ക്കുള്ള വ്യവഹാരം കുറയ്ക്കുന്നതിന്, അവര്ക്കായി ഒരു തര്ക്ക പരിഹാര സമിതി രൂപീകരിക്കാന് ഞാന് നിര്ദ്ദേശിക്കുന്നു. ഇത് കാര്യക്ഷമത, സുതാര്യത, ഉത്തരവാദിത്തം എന്നിവ ഉറപ്പാക്കും. നികുതി നല്കേണ്ട 50 ലക്ഷം വരെ വരുമാനവും 10 ലക്ഷം വരെ തര്ക്ക വരുമാനവുമുള്ള ആര്ക്കും സമിതിയെ സമീപിക്കാന് അര്ഹതയുണ്ട്.

**മുഖമില്ലാത്ത ഐടിഎടി**

158. പാലിക്കാനുള്ള എളുപ്പത്തിനും വിവേചനാധികാരം കുറയ്ക്കുന്നതിനും, നികുതി പ്രക്രിയകള് മുഖമില്ലാത്തതാക്കാന് ഞങ്ങള് പ്രതിജ്ഞാ ബദ്ധരാണ്. ഈ വര്ഷം ഇതിനകം തന്നെ മുഖമില്ലാത്ത വിലയിരു ത്തലും അപ്പീലും സര്ക്കാര് അവതരിപ്പിച്ചു.

159. ആദായനികുതി അപ്പീലിന്റെ അടുത്ത തലം ആദായനികുതി അപ്പീല് ട്രൈബ്യൂണലാണ്. ഈ ട്രൈബ്യൂണലിനെ മുഖമില്ലാത്തതാക്കാന് ഞാന് ഇപ്പോള് നിര്ദ്ദേശിക്കുന്നു. ഞങ്ങള് ഒരു ദേശീയ ആദായനികുതി അപ്പീല് ട്രൈബ്യൂണല് സെന്റര് സ്ഥാപിക്കും. ട്രൈബ്യൂണലും പരാതിക്കാരും തമ്മിലുള്ള എല്ലാ ആശയവിനിമയങ്ങളും ഇലക്ട്രോണിക് ആയിരിക്കും. വ്യക്തിഗതമായി കേള്ക്കേണ്ട ആവശ്യമുള്ളിടത്ത്, വീഡിയോ കോണ്ഫറന്സിംഗിലൂടെ അത് ചെയ്യും.

**എന്ആര്ഐകള്ക്ക് ആശ്വാസം**

160. പ്രവാസി ഇന്ത്യക്കാര് ഇന്ത്യയിലേക്ക് മടങ്ങുമ്പോള്, അവരുടെ വിദേശ റിട്ടയര്മെന്റ് അക്കൗണ്ടുകളിലെ വരുമാനവുമായി ബന്ധപ്പെട്ട് അവര്ക്ക് പ്രശ്നങ്ങളുണ്ട്. നികുതി കാലയളവിലെ പൊരുത്തക്കേട് മൂലമാണ് ഇത് സാധാരണയായി സംഭവിക്കുന്നത്. വിദേശ നിയമപരിധികളില് ഇന്ത്യന് നികുതികള്ക്ക് ഇളവു ലഭിക്കുന്നതിലും അവര് ബുദ്ധിമുട്ടുകള് നേരിടുന്നു. ഇരട്ടനികുതി മൂലമുള്ള അവരുടെ ബുദ്ധിമുട്ടുകള് നീക്കം ചെയ്യുന്നതിനുള്ള ചട്ടങ്ങള് വിജ്ഞാപനം ചെയ്യാന് ഞാന് നിര്ദ്ദേശിക്കുന്നു.

**ഓഡിറ്റില് നിന്ന് ഒഴിവാക്കല്**

161. നിലവില്, നിങ്ങളുടെ വിറ്റുവരവ് ഒരു കോടി കവിയുന്നുവെങ്കില്, നിങ്ങളുടെ അക്കൗണ്ടുകള് ഓഡിറ്റ് ചെയ്യണം. 2020 ഫെബ്രുവരിയിലെ ബജറ്റില്, 95 ശതമാനം ഇടപാടുകളും ഡിജിറ്റലായി നടത്തുന്നവര്ക്ക് നികുതി ഓഡിറ്റിന്റെ പരിധി 5 കോടി രൂപയായി ഞാന് ഉയര്ത്തിയിരുന്നു. ഡിജിറ്റല് ഇടപാടുകളെ കൂടുതല് പ്രോത്സാഹിപ്പിക്കുന്നതിനും ഭാരം കുറയ്ക്കുന്നതിനും, അത്തരം ആളുകള്ക്ക് നികുതി ഓഡിറ്റിനുള്ള ഈ പരിധി 5 കോടിയില് നിന്ന് 10 കോടി ആക്കി ഉയര്ത്താന് ഞാന് നിര്ദ്ദേശിക്കുന്നു.

**ലാഭവിഹിതത്തിനുള്ള ആശ്വാസം**

162. നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി കഴിഞ്ഞ ബജറ്റില് ഞാന് ലാഭവിഹിത വിതരണ നികുതി (ഡിഡിടി) നിര്ത്തലാക്കിയിരുന്നു. ഓഹരി ഉടമകളുടെ കൈയിലുള്ള ലാഭവിഹിതത്തിനു നികുതി ചുമത്തി. ഇപ്പോള്, എളുപ്പത്തില് പാലിക്കാന്, ടിഡിഎസില് നിന്ന് ഒഴിവാക്കിയ ലാഭവിഹിതം ആര്ഇഐറ്റി / ഇന്വിറ്റിലേക്ക് നല്കാന് ഞാന് നിര്ദ്ദേശിക്കുന്നു. മുന്കൂര് നികുതി അടയ്ക്കുന്നതിന് ഓഹരി ഉടമകള്ക്കു ലാഭവിഹിത വരുമാനത്തിന്റെ അളവ് കൃത്യമായി കണക്കാക്കാന് കഴിയാത്തതിനാല്, ലാഭവിഹിത വരുമാനത്തിന്റെ മുന്കൂര് നികുതി ബാധ്യത പ്രഖ്യാപിച്ച, അല്ലെങ്കില് അടച്ചതിനുശേഷം മാത്രമേ ഉണ്ടാകൂ എന്ന് ഞാന് നിര്ദ്ദേശിക്കുന്നു. കൂടാതെ, വിദേശ പോര്ട്ട്ഫോളിയൊ നിക്ഷേപകര്ക്ക്, ലാഭവിഹിത വരുമാനത്തിന്മേലുള്ള നികുതിയിളവ് കുറഞ്ഞ ഉടമ്പടി നിരക്കില് പ്രാപ്തമാക്കാന് ഞാ്ന് ഉദ്ദേശിക്കുന്നു.

**അടിസ്ഥാനസൗകര്യ മേഖലയിലേക്ക് വിദേശ നിക്ഷേപം ആകര്ഷിക്കുന്നു**

163. കഴിഞ്ഞ ബജറ്റില്, അടിസ്ഥാനസൗകര്യ മേഖലയില് വിദേശ നിക്ഷേപം ആകര്ഷിക്കുന്നതിനായി, ഇന്ത്യന് ഇന്ഫ്രാസ്ട്രക്ചറിലെ നിക്ഷേപത്തില് നിന്നുള്ള വരുമാനത്തില്, ചില നിബന്ധനകള്ക്ക് വിധേയമായി, വിദേശ പരമാധികാര ഫണ്ടുകള്ക്കും പെന്ഷന് ഫണ്ടുകള്ക്കും ഞങ്ങള് 100% നികുതി ഇളവ് നല്കിയിരുന്നു. ഈ നിബന്ധനകളില് ചിലത് പാലിക്കുന്നതില് അത്തരം ഫണ്ടുകളില് ചിലത് ബുദ്ധിമുട്ടുകള് നേരിടുന്നതായി ഞങ്ങള് ശ്രദ്ധിച്ചു. ധാരാളം സാമ്പത്തിക സഹായങ്ങള് ഇന്ത്യയില് നിക്ഷേപം നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിന്, സ്വകാര്യ സാമ്പത്തിക സഹായ നിരോധനം, വാണിജ്യപരമായ പ്രവര്ത്തനങ്ങള്ക്ക് നിയന്ത്രണം, അടിസ്ഥാന സൗകര്യങ്ങളില് നേരിട്ടുള്ള നിക്ഷേപം എന്നിവയുമായി ബന്ധപ്പെട്ട ചില വ്യവസ്ഥകളില് ഇളവ് വരുത്താന് ഞാന് നിര്ദ്ദേശിക്കുന്നു.

164. സീറോ കൂപ്പണ് ബോണ്ടുകള് നല്കുന്നതിലൂടെ അടിസ്ഥാന സൗകര്യ ങ്ങള്ക്ക് ധനസഹായം അനുവദിക്കുന്നതിന്, നികുതി കാര്യക്ഷമമായ സീറോ കൂപ്പണ് ബോണ്ടുകള് നല്കി ധനസമാഹരണത്തിന് വിജ്ഞാപനം ചെയ്ത അടിസ്ഥാനസൗകര്യ വായ്പാ സഹായങ്ങളെ യോഗ്യമാക്കാന് ഞാന് നിര്ദ്ദേശിക്കുന്നു.

**ചെലവുകുറഞ്ഞ ഭവനം / വീടു വാടകയ്ക്കു നല്കല്**

165. ഈ ഗവണ്മെന്റ് 'എല്ലാവര്ക്കും ഭവനം', 'ചെലവുകുറഞ്ഞ ഭവനങ്ങള്' എന്നിവ മുന്ഗണനാ മേഖലകളായി കാണുന്നു. കുറഞ്ഞ ചെലവില് ഒരു വീട്

വാങ്ങുന്നതിനായി എടുത്ത വായ്പയ്ക്കായി 2019 ജൂലൈ ബജറ്റില് ഞാന് 1.5 ലക്ഷം രൂപ അധിക പലിശ കിഴിവ് നല്കി. ഈ കിഴിവിന്റെ അര്ഹത 2022 മാര്ച്ച് 31 വരെ ഒരു വര്ഷം കൂടി നീട്ടാന് ഞാന് നിര്ദ്ദേശിക്കുന്നു. അതിനാല് 1.5 ലക്ഷം രൂപയുടെ അധിക കിഴിവ് 2022 മാര്ച്ച് 31 വരെ എടുത്ത ഭവന വായ്പകള്ക്ക് ലഭ്യമാണ്.

166. കൂടാതെ, ചെലവു താങ്ങാവുന്ന വീടുകളുടെ ലഭ്യത തുടരുന്നതിന്, കുറഞ്ഞ ചെലവിലുള്ള ഭവന പദ്ധതികള്ക്ക് 2022 മാര്ച്ച് 31 വരെ ഒരു വര്ഷത്തേക്ക് നികുതി അവധി ലഭിക്കുമെന്നും അറിയിക്കുന്നു.

167. കുടിയേറ്റ തൊഴിലാളികള്ക്ക് ചെലവു താങ്ങാവുന്ന വാടക ഭവനന നല്കുന്നതു പ്രോത്സാഹിപ്പിക്കുന്നതിന് ഞങ്ങള് പ്രതിജ്ഞാബദ്ധരാണ്. ഇതിനായി, വിജ്ഞാപനം ചെയ്തു, ചെലവു താങ്ങാവുന്ന വാടക ഭവന നിര്മ്മാണ പദ്ധതികള്ക്ക് നികുതി ഇളവ് അനുവദിക്കാന് ഞാന് നിര്ദ്ദേശിക്കുന്നു.

**ഐ.എഫ്.എസ്.സിക്ക് നികുതി ആനുകൂല്യങ്ങള്**

168. ഈ പ്രസംഗത്തിന്റെ ഭാഗം എ-യില് ഞാന് സൂചിപ്പിച്ചതുപോലെ, ജിഫ്റ്റ് സിറ്റിയിലെ അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രത്തെ (ഐഎഫ്എസ്സി) ആഗോള സാമ്പത്തിക കേന്ദ്രമാക്കി മാറ്റാന് സര്ക്കാര് പ്രതിജ്ഞാബദ്ധമാണ്. ഇതിനകം നല്കിയിട്ടുള്ള നികുതി ആനുകൂല്യങ്ങള്ക്ക് പുറമേ, വിമാന പാട്ടക്കമ്പനികള്ക്ക് മൂലധന നേട്ടത്തിനുള്ള നികുതി അവധി, വിദേശ പാട്ടക്കാര്ക്ക് നല്കുന്ന വിമാന പാട്ട വാടകയ്ക്ക് നികുതി ഇളവ് എന്നിവ ഉള്പ്പെടുത്താന് ഞാന് നിര്ദ്ദേശിക്കുന്നു; ഐഎഫ്എസ്സിയില് വിദേശ ഫണ്ടുകള് മാറ്റിസ്ഥാപി ക്കുന്നതിനുള്ള നികുതി പ്രോത്സാഹനം ; ഐഎഫ്എസ്സിയില് സ്ഥിതി ചെയ്യുന്ന വിദേശ ബാങ്കുകളുടെ നിക്ഷേപ വിഭാഗത്തിന് നികുതി ഇളവ് അനുവദിക്കുക എന്നിവയും നിര്ദേശിക്കുന്നു.

**റിട്ടേണുകളുടെ പ്രീ-ഫില്ലിംഗ്**

169. ബഹുമാനപ്പെട്ട സ്പീക്കര്, നികുതിദായകന് കാര്യങ്ങള് എളുപ്പമാക്കുന്ന തിന്, ശമ്പള വരുമാനത്തിന്റെ വിശദാംശങ്ങള്, നികുതി അടയ്ക്കല്, ടിഡിഎസ് തുടങ്ങിയവ ഇതിനകം ആദായനികുതി റിട്ടേണുകളില് ഉള്പ്പെടുത്തിയിരിക്കുന്നു. റിട്ടേണ് സമര്പ്പിക്കുന്നത് കൂടുതല് എളുപ്പമാക്കു ന്നതിന്, ലിസ്റ്റുചെയ്ത സെക്യൂരിറ്റികളില് നിന്നുള്ള മൂലധന നേട്ടങ്ങള്, ലാഭവിഹിത വരുമാനം, ബാങ്കുകളില് നിന്നുള്ള പലിശ, പോസ്റ്റ് ഓഫീസ് മുതലായവയും ഇനി മുന്കൂട്ടി പൂരിപ്പിക്കണം.

**ചെറുകിട ട്രസ്റ്റുകള്ക്ക് ആശ്വാസം**

170. വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും നടത്തുന്ന ചെറിയ ചാരിറ്റബിള് ട്രസ്റ്റുകളുടെ ബാധ്യത കുറയ്ക്കുമെന്ന് ഞങ്ങള് പ്രതീക്ഷിക്കുന്നു. ഇതുവരെ, അത്തരം സ്ഥാപനങ്ങള്ക്ക്, അവരുടെ വാര്ഷിക സംഭാവന സ്വീകരിക്കല് ഒരു കോടി കവിയരുത് എന്ന ഒരു പൊതു ഇളവ് ഉണ്ട്. ഇത് അഞ്ചുകോടിയായി ഉയര്ത്തുന്നു.

**തൊഴില് ക്ഷേമം**

171. ചില തൊഴിലുടമകള് ലാഭവിഹിത ഫണ്ടുകള്, സൂപ്പര്ആന്യുവേഷന് ഫണ്ടുകള്, മറ്റ് സാമൂഹിക സുരക്ഷാ ഫണ്ടുകള് എന്നിവയ്ക്കായി ജീവനക്കാരുടെ സംഭാവന കുറയ്ക്കുന്നുണ്ടെങ്കിലും നിര്ദ്ദിഷ്ട സമയത്തിനു ള്ളില് ഈ സംഭാവനകള് നിക്ഷേപിക്കുന്നില്ല എന്നതു ഞങ്ങള് ശ്രദ്ധിച്ചു. ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഇത് പലിശയോ വരുമാനമോ നഷ്ടപ്പെടുത്തുന്നു എന്നാണ് അര്ത്ഥമാക്കുന്നത്. ഒരു തൊഴിലുടമ പിന്നീട് പണമില്ലാത്ത സന്ദര്ഭങ്ങളില്, നിക്ഷേപം നടത്താത്തത് ജീവനക്കാര്ക്ക് സ്ഥിരമായ നഷ്ടത്തിന് കാരണമാകുന്നു.

172. ജീവനക്കാരുടെ സംഭാവന യഥാസമയം നിക്ഷേപിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന്, തൊഴിലുടമയുടെ സംഭാവനയുടെ വൈകിയുള്ള നിക്ഷേപം തൊഴിലുടമയ്ക്കുള്ള കിഴിവായി അനുവദിക്കില്ലെന്ന് ഞാന് ആവര്ത്തിക്കുന്നു.

**സ്റ്റാര്ട്ടപ്പുകള്ക്കുള്ള പ്രോത്സാഹനങ്ങള്**

173. രാജ്യത്ത് സ്റ്റാര്ട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന്, സ്റ്റാര്ട്ടപ്പുകള്ക്ക് നികുതി അവധി അവകാശപ്പെടാനുള്ള യോഗ്യത 2022 മാര്ച്ച് 31 വരെ ഒരു വര്ഷം കൂടി നീട്ടാന് ഞാന് നിര്ദ്ദേശിക്കുന്നു. കൂടാതെ, സ്റ്റാര്ട്ടപ്പുക ളുടെ ധനസഹായം പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാര്ട്ടപ്പുകളിലെ നിക്ഷേപത്തിനുള്ള മൂലധന നേട്ട ഇളവ് 2022 മാര്ച്ച് 31 വരെ ഒരു വര്ഷം കൂടി നീട്ടാനും ഞാന് നിര്ദ്ദേശിക്കുന്നു.

**പരോക്ഷ നികുതി നിര്ദേശങ്ങള്**

**ജിഎസ്ടി**

174. പരോക്ഷ നികുതിയിലേക്കുള്ള എന്റെ നിര്ദ്ദേശങ്ങളിലേക്കു വരുന്നതിനു മുമ്പായി ചരക്കു സേവന നികുതിയെക്കുറിച്ച് സഭ വിലയിരുത്താന് ഞാന് ആഗ്രഹിക്കുന്നു. ചരക്കു സേവന നികുതിക്ക് ഇപ്പോള് നാലു വയസായി.അത് കൂടുതല് ലളിതവത്ക്കരിക്കാന് നാം നിരവധി നടപടികള് സ്വീകരിച്ചു കഴിഞ്ഞു. ചില നടപടികള് താഴെ പറയുന്നു:

i എസ് എം എസിലൂടെ റിട്ടേണ് ഇല്ല

ii എല്ലാ ചെറുകിട നികുതി ദാതാക്കള്ക്കും ത്രൈമാസിക റിട്ടേണും മാസം തോറുമുള്ള തവണ അടവും

iii ഇലക്ട്രോണിക് ഇന്വോയിസ് സംവിധാനം

iv സാധുവായ നിവേശക നികുതി പ്രസ്താവന

v മുന്കൂട്ടി പൂരിപ്പിച്ച തിരുത്താവുന്ന ചരക്ക സേവന റിട്ടേണ്

vi റിട്ടേണ് ഫയലിങ്ങിന്റെ പ്രശ്നങ്ങള്

ചരക്കുസേവന നികുതി ശൃംഖലാ സംവിധാനത്തിന്റെ ശേഷിയും നാം വര്ധിപ്പിച്ചു. നികുതി വെട്ടിപ്പുകാരെയും കപട ബില്ലുകളെയും തിരിച്ചറിയുന്നതിന് നാം നിര്മ്മിത ബുദ്ധിയും ആഴത്തിലുള്ള അപഗ്രഥനപരതയും വികസിപ്പിക്കുകയും അവര്ക്കെതിരെ പ്രത്യേക നടപടികള് ആരംഭിക്കുകയും ചെയ്തു.

175. കഴിഞ്ഞ കുറെ മാസങ്ങളായി നാം റെക്കോഡ് ശേഖരണമാണ് നടത്തിയിരിക്കുന്നത്.

176. ചരക്കുസേവന നികുതി കൗണ്സില് യോജിക്കാത്ത പ്രശ്നങ്ങളെ വളരെ ബുദ്ധിമുട്ടി പരിഹരിച്ചു കഴിഞ്ഞു. കൗണ്സിലിന്റെ അധ്യക്ഷ എന്ന നിലയ്ക്ക് ചരക്ക സേവന നികുതി ഇനിയും കൂടുതല് സുഗമമാക്കു ന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ് എന്നും വിപരീത തീരുവ ഘടന പോലുള്ള ക്രമക്കേടുകള് നീക്കം ചെയ്യുന്നതാ ണെന്നും സഭയ്ക്ക് ഞാന് ഉറപ്പു നല്കുന്നു.

**കസ്റ്റംസ് തീരുവ യുക്തിസഹമാക്കുക**

177. ആഭ്യന്തര ഉത്പാദനം പ്രോത്സാഹിപ്പിക്കുക, ആഗോള മൂല്യ ശൃംഖലയിലേയ്ക്ക് ഇന്ത്യയെ നയിച്ച് കയറ്റുമതി മെച്ചപ്പെടുത്തുക എന്നിങ്ങനെ ദ്വിവിധ ലക്ഷ്യങ്ങളാണു നമ്മുടെ കസ്റ്റംസ് തീരുവ നയത്തിനുള്ളത്. അസംസ്കൃത വസ്തുക്കളുടെ സുഗമമായ ലഭ്യത, മൂല്യവര്ധിത ഉത്പ്പന്നങ്ങളുടെ കയറ്റുമതി എന്നിവയ്ക്കാണ് ഇപ്പോള് ഊന്നല്.

178. ഇതിനായി കാലഹരണപ്പെട്ട 80 ഇളവുകള് അവസാനിപ്പിക്കുന്നതിന് കഴിഞ്ഞ വര്ഷം കസ്റ്റംസ് തീരുവ ഘടനയില് നാം പരിശോധനകള് ആരംഭിച്ചു. ഈ നവീകരണത്തെ സംബന്ധിച്ച് നിര്ദ്ദേശങ്ങള് നല്കാനുള്ള ആഹ്വാനത്തോട് അതിശക്തമായി പ്രതികരിച്ച എല്ലാവരോടും ഞാന് നന്ദി പറയുന്നു. പഴയ 400 ഇളവുകള് കൂടി പുനപരിശോധിക്കാനാണ് ഈ വര്ഷം ഞാന് ഉദ്ദേശിക്കുന്നത്. ഇതിനായി വ്യപകമായ കൂടിയാലോചനകള് നാം നടത്തും. 2021 ഒക്ടോബര് 1 മുതല് അപഭ്രംശങ്ങളില്ലാത്ത പുതുക്കിയ കസ്റ്റംസ് തീരുവ ഘടന നാം നടപ്പിലാക്കും.

ഇനി ഏതു പുതിയ കസ്റ്റംസ് തീരുവ ഇളവിനും അതു പുറപ്പെടുവിക്കുന്ന തിയതി മുതല്, രണ്ടാം വര്ഷം മാര്ച്ച് 31 വരെയുള്ള സാധുത മാത്രമെ ഉണ്ടായിരിക്കുകയുള്ളു എന്നു ഞാന് നിര്ദ്ദേശിക്കുകയും ചെയ്യുന്നു.

**ഇലക്ട്രോണിക്സ് മൊബൈല് ഫോണ് വ്യവസായം.**

179. ആഭ്യന്തര ഇലക്ട്രോണിക്സ് ഉത്പാദനം അതിവേഗം വളരുകയാണ്. നാം ഇപ്പോള് മൊബൈലുകളും ചാര്ജറുകളും കയറ്റി അയക്കുന്നുണ്ട്. കൂടുതല് ആഭ്യന്തര മൂല്യ വര്ധനവിന് മൊബൈലുകളുടെയും ചാര്ജറുകളുടെയും ചില ഭാഗങ്ങള്ക്ക് നല്കിയിരുന്ന ഇളവുകള് നാം പിന്വലിക്കുന്നു.മൊബൈലുകളുടെ ചില ഭാഗങ്ങള്ക്ക് ഇല്ലാതിരുന്ന നികുതി നിരക്ക് മിതമായ 2.5 ശതമാനമാക്കി.

**ഇരുമ്പും ഉരുക്കും**

180. ഇരുമ്പിനും ഉരുക്കിനും അടുത്ത നാളില് ഉണ്ടായിരിക്കുന്ന കുത്തനെയുള്ള വിലക്കയറ്റം, ഇടത്തരം ചെറുകിട സൂക്ഷ്മ സംരംഭകരുടെയും മറ്റ് വ്യവസായികളുടെയും മേല് കനത്ത ആഘാതമാണ് ഏല്പ്പിച്ചിരിക്കു ന്നത്. അതിനാല് സങ്കര ലോഹങ്ങള്, സങ്കര രഹിത ലോഹങ്ങള്, ശുദ്ധമായ ഉരുക്ക് തുടങ്ങിയ ലോഹങ്ങളുടെ കസ്റ്റംസ് തീരുവ 7.5 ശതമാനമാക്കി നാം ഏകീകരിക്കുന്നു. ലോഹ പുനരുപയോക്താക്കള്, പ്രധാനമായും ഇടത്തരം ചെറുകിട സൂക്ഷ്മ സംരംഭകര് എന്നിവര്ക്ക് ആശ്വാസം നല്കുന്നതിന് 2022 മാര്ച്ച് 31 വരെ ഉരുക്കിന്റെ അവശിഷ്ടങ്ങളെ തീരുവയില് നിന്ന് ഒഴിവാക്കുന്നു. അതിനുമുപരി ചില ഉരുക്ക് ഉല്പ്പന്നങ്ങളുടെ തുല്യ തീരുവ ഞാന് തള്ളി കളയുന്നു. ചെമ്പ് ഉരുക്കുന്നവര്ക്ക് ആശ്വാസം നല്കുന്നതിന് ചെമ്പിന്റെ അവശിഷ്ടങ്ങളുടെ തീരുവ 5 ശതമാനത്തില് നിന്നും 2.5 ശതമാനമാക്കി ഞാന് കുറയ്ക്കുന്നു.

**തുണിവ്യവസായം**

181. തുണിവ്യവസായ മേഖല ഒരേ സമയം തൊഴിലവസരങ്ങള് സൃഷ്ടിക്കുകയും സമ്പദ് വ്യവസ്ഥയിലേയ്ക്ക് സാരമായ സംഭാവനകള് നല്കുകയും ചെയ്യുന്നു. ഇവിടെ മനുഷ്യ നിര്മ്മിത തുണികള്, അസംസ്കൃത വസ്തുക്കളുടെ നിക്ഷേപകങ്ങള് എന്നിവയുടെ തീരുവകളെ യുക്തിസഹമാക്കേണ്ടതുണ്ട്. ഇപ്പോള് നാം നൈലോണിനെ പോളിസ്റ്ററിനും മറ്റ് മനുഷ്യ നിര്മ്മിത നാരുകള്ക്കും തുല്യമാക്കി കൊണ്ടുവരുന്നു. കാപ്രോലാക്ടം, നൈലോണ് തുടങ്ങിയവയുടെ തീരുവ 5 ശതമാനമായി ഏകീകരിക്കുകയാണ്. ഇത് തുണിവ്യവസായത്തെയും ഇടത്തരം ചെറുകിട, സൂക്ഷ്മ സംരംഭകരെയും മാത്രമല്ല കയറ്റുമതിക്കാരെയും സഹായിക്കും.

**രാസവസ്തുക്കള്**

182. ആഭ്യന്തര മൂല്യ വര്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനായി രാസവസ്തുക്കളുടെ കസ്റ്റംസ് തീരുവ നിരക്ക് നമ്മള് ഒത്തു നോക്കി.വൈപരീത്യങ്ങള് നീക്കം ചെയ്തു. കൂടാതെ വിപരീതാവസ്ഥ തിരുത്തുന്നതിന് നാഫ്തയുടെ കസ്റ്റംസ് തീരുവ 2.5 ശതമാനമാക്കി.

**സ്വര്ണവും വെള്ളിയും**

183. സ്വര്ണത്തിനും വെള്ളിയ്ക്കും ഇപ്പോള് കസ്റ്റംസ് തീരുവ 12.5 ശതമാനമാണ്.തീരുവ 2019 ജൂലൈയില് 10 ശതമാനത്തില് നിന്ന് ഉയര്ത്തിയപ്പോള് അമൂല്യ ലോഹങ്ങളുടെ വിലകള് കുതിച്ചുയര്ന്നു. അതിനെ പഴയ നിലവാരത്തിലേയ്ക്കു കൊണ്ടു വരുന്നതിന് നാം സ്വര്ണത്തിന്റെയും വെള്ളിയുടെയും കസ്റ്റംസ് തീരുവ യുക്തിസഹ മാക്കുകയാണ്.

**പുനഃചംക്രമണ ഊര്ജ്ജം**

184. പാര്ട്ട് എ യില് സൗരോര്ജ്ജം ഇന്ത്യയുടെ ഏറ്റവും ബൃഹദ് വാഗ്ദാന മാണ് എന്നു നാം അംഗീകരിച്ചു കഴിഞ്ഞതാണ്. ആഭ്യന്തര ശേഷി അടിസ്ഥാനമാക്കുന്നതിന് സൗരോര്ജ്ജ സെല്ലുകളുടെയും പാനലുകളു ടെയും ഉത്പാദനം നാം ഘട്ടം ഘട്ടമാക്കും. ഇപ്പോള് ആഭ്യന്തര ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സൗരോര്ജ്ജ ഇന്വെര്ട്ടറു കളുടെ തീരുവ നമ്മള് 5 ശതമാനത്തില് നിന്ന് 20 ശതമാനമാനവും സൗരോര്ജ്ജ റാന്തലുകളുടെ തീരുവ 5 ശതമാനത്തില് നിന്നു 15 ശതമാനവുമാക്കി ഉയര്ത്തുകയാണ്.

**മൂലധന സജ്ജീകരണങ്ങളും വാഹന ഭാഗങ്ങളും**

185. വന് മൂലധന ഉപകരണങ്ങള് രാജ്യത്തിനകത്ത് നിര്മ്മിക്കുന്നതിന് വലിയ സാധ്യതയാണ് ഉള്ളത്. ഇതിന്റെ നരക്ക് ഘടന വരും കാലങ്ങളിലല് നാം സമഗ്രമായി അവലോകനം ചെയ്യും. എന്തായാലും ചില ഇനങ്ങളുടെ തീരുവ നിരക്ക് നാം ഉടന് പുതുക്കുകയാണ്. ടണല് തുരക്കുന്ന മെഷീന്റെ നികുതി ഇളവ് പിന്വലിക്കാന് നാം നിര്ദ്ദേശിക്കുന്നു. അതിന് കസ്റ്റംസ് തീരുവ 7.5 ശതമാനമാക്കി. അതിന്റെ സ്പെയര് പാര്ട്ടുകള്ക്ക് 2.5 ശതമാനവും.ചില വാഹന സ്പെയര് പാര്ട്ടുകളുടെ കസ്റ്റംസ് തീരുവ 15 ശതമാനമാക്കി ഉയര്ത്തുന്നുണ്ട്.

**ഇടത്തരം ചെറുകിട സൂക്ഷ്മ സംരംഭക ഉല്പന്നങ്ങള്**

186. ഇടത്തരം ചെറുകിട സൂക്ഷ്മ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നമ്മള് ചില മാറ്റങ്ങള് നിര്ദ്ദേശിക്കുകയാണ്. പ്ലാസ്റ്റിക് കൊണ്ടുള്ള നിര്മ്മാണ സാമഗ്രികള് ഉരുക്ക് സ്ക്രൂകള് എന്നിവയുടെ തീരുവ 10 ശതമാനത്തില് നിന്ന് 15 ശതമാനമാക്കി

ഉയര്ത്തുന്നു. ചെമ്മീന് തീറ്റയുടെ നികുതി 5 ശതമാനത്തില് നിന്ന 15 ശതമാനമാക്കി. ഇറക്കുമതി തീരുവ ഇല്ലാത്ത ഇനങ്ങളുടെ ഇളവ് യുക്ത്യനുസരണമാക്കുകയാണ്. തുണിത്തരങ്ങള്, തുകല് ഉത്പ്പന്നങ്ങള്, കരകൗശല വസത്ുക്കള് എന്നിവയുടെ കയറ്റുമതിക്കാര്ക്ക് പ്രോത്സാഹനം എന്ന നിലയ്ക്കാണ് ഇത്. നമ്മുടെ ഇടത്തരം ചെറുകിട സൂക്ഷ്മ സംരംഭകര് ഇതെല്ലാം മിക്കവാറും ഇവിടെ തന്നെ നിര്മ്മിക്കുന്നുണ്ട്. ചില ഇനം തുകല് ഉത്പ്പന്നങ്ങളുടെ ഇറക്കുമതി തീരുവ ഇളവ് നാം പിന്വലിക്കുകയാണ് കാരണം, മിക്കവാറും നമ്മുടെ ഇടത്തരം ചെറുകിട സൂക്ഷ്മ സംരംഭകര് നല്ല ഗുണ നിലവാരത്തില് ധാരാളമായി അവ ഇവിടെ തന്നെ നിര്മ്മിക്കുന്നുണ്ട്. ആഭ്യന്തര സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് മിനുക്കിയ കൃത്രിമ രത്നക്കല്ലുകളുടെ കസ്റ്റംസ് തീരുവയും നാം ഉയര്ത്തുകയാണ്.

**കാര്ഷികോത്പന്നങ്ങള്**

187. നമ്മുടെ കൃഷിക്കാര്ക്കു ഉപകാരപ്പെടുന്നതിന് പരുത്തിക്ക് കസ്റ്റംസ് തീരുവ 10 ശതമാനവും, അസംസ്കൃത പട്ടിന് 10 ഉം പട്ടുനൂലിന് 15 ശതമാനവുമാക്കി. ഭക്ഷ്യയോഗ്യമല്ലാത്ത ഇതൈല് ചാരായത്തിന്റെ സൗജന്യവും നമ്മള് പിന്വലിക്കുകയാണ്. ചോളതവിട്, അരി തവിടിന്റെ പിണ്ണാക്ക്, തുടങ്ങി കാലിത്തീറ്റയില് ചേര്ക്കുന്ന സാധനങ്ങ ളുടെ നികുതി നിരക്ക് 15 ശതമാനമാക്കി ഏകീകരിച്ചു.

188. കാര്ഷിക അടിസ്ഥാന സൗകര്യങ്ങള് മെച്ചപ്പെടുത്തേണ്ടത് നമ്മുടെ അടിയന്തിര ആവശ്യമായിരിക്കുന്നു. അതുവഴി നാം കൂടുതല് ഉല്പാദിപ്പിക്കുകയും, ഉത്പ്പന്നങ്ങള് ഫലപ്രദമായി സംസ്കരിക്കുകയും സൂക്ഷിക്കുകയും ചെയ്യും. ഇത് നമ്മുടെ കൃഷിക്കാര്ക്ക് വര്ധിച്ച പ്രതിഫലം ഉറപ്പാക്കും. ഈ ലക്ഷ്യത്തിനായി വിഭവങ്ങള് നീക്കി വയ്ക്കുന്നതിന് ഏതാനും ഇനങ്ങളില് കാര്ഷിക അടിസ്ഥാന സൗകര്യ വികസന സെസ് ഞാന് നിര്ദ്ദേശിക്കുന്നുണ്ട്. എന്തായാലും ഈ സെസ് പ്രാവര്ത്തികമാക്കുമ്പോള് ഉപഭോക്താക്കള്ക്ക് അത് ഭാരമാവാതിരിക്കുന്നതിന് നാം ശ്രദ്ധിക്കും.

**സമ്മതം എളുപ്പമാക്കലും നടപടിക്രമങ്ങളുടെ ഏകീകരണവും**

189. ഇവയുടെ നീതി പൂര്വകമായ നിര്വഹണത്തിനായി എഡിഡി, സിവിഡി നികുതികളുമായി ബന്ധപ്പെട്ട വ്യവസ്ഥകളില് നാം ചില മാറ്റങ്ങള് നിര്ദ്ദേശിക്കുന്നുണ്ട്. കസ്റ്റംസ് പരിശോധനകള് പൂര്ത്തിയാക്കു ന്നതിന് നാം നിശ്ചിത സമയപരിധി നിര്ദ്ദേശിക്കുന്നു. 2020 ല് നാം ട്യൂറന്റ് കസ്റ്റംസ് സംരംഭത്തിനു തുടക്കം കുറിച്ചു. മുഖമില്ലാത്തതും, കടലാസ് രഹിതവും സമ്പര്ക്കരഹിതവുമായ കസ്റ്റംസ് നടപടികളാണ് അതുവഴി നാം കൊണ്ടുവന്നത്.

2020 സെപ്റ്റംബര് മുതല്, നാം പുതിയ നിയമങ്ങള് നടപ്പിലാക്കി.സ്വതന്ത്ര വ്യാപാര കരാറിന്റെ ദുരുപയോഗം തടയാന് ഇതു സഹായകമായി.

190. നിര്ദ്ദിഷ്ട പ്രത്യക്ഷ പരോക്ഷ നികുതികളുടെ വിശദാംശങ്ങള് എന്റെ പ്രസംഗത്തിന്റെ അനുബന്ധത്തില് പട്ടികയായി ചേര്ത്തിരിക്കുന്നു.

191. സ്പീക്കര് സര്, ഈ വാക്കുകളോടെ ഞാന് ബജറ്റ് മഹനീയ സഭയെ ഏല്പ്പിക്കുന്നു.

**ബജറ്റ് പ്രസംഗത്തിന്റെ ഭാഗം എയുടെ അനുബന്ധം**

**അനുബന്ധം  1**

## ആരോഗ്യ ക്ഷേമ - ചെലവ്

**(കോടി രൂപ)**

| മന്ത്രാലയം / വകുപ്പ് | യഥാര്ത്ഥ തുക 2019 -20 | ബജറ്റ് ചെലവ് 2020-21 | ബജറ്റ് ചെലവ് 2020-22 |
|---|---|---|---|
| **ആരോഗ്യകുടുംബ ക്ഷേമ വകുപ്പ്** | 62,397 | 65,012 | 71,269 |
| **ആരോഗ്യ ഗവേഷണ വകുപ്പ്** | 1,934 | 2,100 | 2,663 |
| **ആയുഷ് മന്ത്രാലയം** | 1,784 | 2,122 | 2,970 |
| **കോവിഡാനുബന്ധ വകുപ്പ്** | --- | --- | ---- |
| പ്രതിരോധ കുത്തിവയ്പ്പ് | | | 35,000 |
| **കുടിവെള്ള പൊതുജനാരോഗ്യ വകുപ്പ്** | 18,264 | 21518 | 60030 |
| പോഷകാഹാരം | 1,880 | 3,700 | 2,700 |
| കുടിവെള്ളം പൊതുജനാരോഗ്യം സഹായം | | | 36,022 |
| ആരോഗ്യം സഹായം | | | 13,192 |
| **മൊത്തം** | **86,259** | **94,452** | **2,23,846** |

**അനുബന്ധം - 2**

**പതാകാ നൗക പദ്ധതികള് റോഡുകളും ദേശീയ പാതകളും**

പ്രധാന എക്സ്പ്രസ് പാതകളും ഇടനാഴികളും

- ഡല്ഹി - മുംബൈ എക്സ്പ്രസ് പാത. ശേഷിക്കുന്ന 260 കിലോമീറ്റര് 2021 മാര്ച്ച് 31 നു മുമ്പായി പൂര്ത്തിയാക്കും

- ബംഗളൂരു - ചെന്നൈ എക്സ്പ്രസ് പാത. ഈ സാമ്പത്തിക വര്ഷത്തില് തന്നെ 278 കിലോമീറ്റര് നിര്മ്മാണം തുടങ്ങും. നിര്മ്മാണം 2021 -22 ല് ആരംഭിക്കും.
- ഡല്ഹി - ഡെറാഡൂണ് സാമ്പത്തിക ഇടനാഴി. ഈ സാമ്പത്തിക വര്ഷത്തില് തന്നെ 210 കിലോമീറ്റര് ഇടനാഴി നിര്മ്മാണം തുടങ്ങും.
- നിര്മ്മാണം 2021 -22 ല് തുടങ്ങും.
- കാണ്പൂര് - ലക്നോ എക്സ്പ്രസ് പാത. ദേശീയ പാത 27 ന പകരമായി നിര്മ്മിക്കുന്ന 63 കിലോമീറ്റര് എക്സ്പ്രസ് പാതയുടെ നിര്മ്മാണം 2021-22 ല് ആരംഭിക്കും.
- ചെന്നൈ - സേലം ഇടമാഴി. 277 കിലോമീറ്റര് ദൈര്ഘ്യം വരുന്ന ഈ എക്സ്പ്രസ് പാതയുടെ നിര്മ്മാണം 2021 -22 ല് ആരംഭിച്ച് പൂര്ത്തിയാക്കും.
- റായ്പ്പൂര് - വിശാഖപട്ടണം. ഛത്തിസ്ഗഡ്, ഒഡിഷ, ഉത്തര ആന്ധ്രപ്രദേശ് എന്നിവിടങ്ങളിലൂടെ കടന്നു പോകുന്ന 464 കീലോമീറ്റര് പാതയുടെ നിര്മ്മാണം 2021 -22 ല് ആരംഭിച്ച് പൂര്ത്തിയാക്കും.
- അമൃതസര്- ജാം നഗര്. നിര്മ്മാണം 2021 -22 ല് ആരംഭിക്കും.
- ഡല്ഹി - കട്ര - നിര്മ്മാണം 2021 -22 ല് ആരംഭിക്കും.

സ്പീഡ് റഡാറുകള്, സന്ദേശ അടയാള ബോര്ഡുകള്,ജിപിഎസ് ഘടിപ്പിച്ച റിക്കവറി വാനുകള് തുടങ്ങിയ എല്ലാ **ആധുനിക ട്രാഫിക് മാനേജ്മെന്റ് സംവിധാനങ്ങളും** പുതിയ ഈ നാല് വരി, ആറുവരി ദേശീയപാതകളില് സ്ഥാപിക്കും.

**ഓഹരി വില്പന, തന്ത്രപ്രധാന ഓഹരി വില്പന നയങ്ങള്**

**ലക്ഷ്യങ്ങള്**

i. സാമ്പത്തിക സ്ഥാപനങ്ങള് ഉള്പ്പെടെയുള്ള പൊതുമേഖലാ സംരംഭങ്ങളില് കേന്ദ്ര ഗവണ്മെന്റിന്റെ സാന്നിധ്യം കുറയ്ക്കുകയും സ്വകാര്യ മേഖലയ്ക്ക പുതിയ നിക്ഷേപത്തിനുള്ള ഇടം സ്ൃഷ്ടിക്കുകയും ചെയ്യു.
ii. ഓഹരി വില്പനാനന്തരം, കേന്ദ്ര പൊതു മേഖലാ സംരംഭങ്ങളുടെയും സാമ്പത്തിക സ്ഥാപനങ്ങളുടെയും വളര്ച്ച സ്വകാര്യ മൂലധനം സാങ്കേതിക വിദ്യ, മികച്ച നടത്തിപ്പ് എന്നിവയുടെ നിവേശനത്തിലൂടെ. സാമ്പത്തിക വളര്ച്ചയും പുതിയ തൊഴിലുകളും ഉടരും.
iii. ഗവണ്മെന്റിന്റെ വിവിധ സാമൂഹിക വികസന പരിപാടികളെ സാമ്പത്തികമായി സഹായിക്കുവാന് ഓഹരി വില്പന ഉടരും.

**നയ സവിശേഷതകള്**

a. കേന്ദ്ര പൊതുമേഖല സംരംഭങ്ങള്, പൊതു മേഖലാ ബാങ്കുകള്, പൊതു മേഖല ഇന്ഷ്വറന്സ് കമ്പനികള് എന്നിവ ഈ നയത്തിന്റെ പരിധിയില്
b. വിവിധ വിഭാഗങ്ങളെ തന്ത്രപ്രധാനം, തന്ത്രപ്രധാനേതരം എന്നു വര്ഗീകരിക്കും.
c. തന്ത്രപ്രധാനമായവ –
   i. അണുവായുധം, ബഹിരാകാശം, പ്രതിരോധം
   ii. ഗതാഗതം, വാര്ത്താവിനിമയം,
   iii. ഊര്ജ്ജം, പെട്രോളിയം,കല്ക്കരി, മറ്റു ധാതുക്കള്,
   iv. ബാങ്കിംങ്, ഇന്ഷ്വറന്സ്, സാമ്പത്തിക സേവനങ്ങള്.
d. തന്ത്രപ്രധാനേതര വിഭാഗത്തില് നാമാത്രമായ പൊതു മേഖലാ സംരംഭങ്ങളേ കാണുകയുള്ളു. തന്ത്രപ്രധാന വിഭാഗത്തില് ബാക്കി യുള്ള കേന്ദ്ര പൊതു മേഖലാ സംരംഭങ്ങള് സ്വകാര്യവത്ക്കരിക്കുക യോ ലയിപ്പിക്കുകയോ, മറ്റ് കേന്ദ്ര പൊതു മേഖലാ സംരംഭങ്ങളുടെ ഭാഗമാക്കുകയോ പൂട്ടുകയോ ചെയ്യും. തന്ത്രപ്രധാനേതര വിഭാഗ ത്തില് കന്ദ്ര പൊതു മേഖലാ സംരംഭങ്ങള് സ്വകാര്യവത്ക്കരിക്കും, അല്ലെങ്കില് അടയ്ക്കും.

**അനുബന്ധം 4**

## കാര്ഷികോത്പന്നങ്ങളുടെ താങ്ങുവില സംഭരണം

| വര്ഷം | ഗോതമ്പ് | | നെല്ല് | | പരുത്തി | | പരിപ്പ് | ചണം | | എണ്ണക്കുരു കൊപ്ര |
|---|---|---|---|---|---|---|---|---|---|---|
| | താങ്ങു വില കോടി (രൂപയില് ) | കൃഷിക്കാരുടെ സംഖ്യ (ലക്ഷത്തില്) | താങ്ങു വില കോടി (രൂപയില്) | കൃഷിക്കാരുടെ സംഖ്യ (ലക്ഷത്തില്) | താങ്ങു വില കോടി (രൂപയില്) | കൃഷിക്കാരുടെ സംഖ്യ (ലക്ഷത്തില്) | താങ്ങു വില കോടി (രൂപയില്) | കൃഷിക്കാരുടെ സംഖ്യ (ലക്ഷത്തില്) | താങ്ങു വില കോടി (രൂപയില്) | കൃഷിക്കാരുടെ സംഖ്യ (ലക്ഷത്തില്) |
| 2010-11 | 24764.3 | ലഭ്യമല്ല | 52573.04 | ലഭ്യമല്ല | -- | -- | -- | -- | 1.75 | 149.03 |
| 2011-12 | 33152 | ലഭ്യമല്ല | 58084.48 | ലഭ്യമല്ല | 14 | 0.02 | 47.7 | 0.46 | 0.005 | 1.52 |
| 2012-13 | 49020.18 | ലഭ്യമല്ല | 65039.28 | ലഭ്യമല്ല | 4779 | 7.3 | 140.19 | 1.15 | 407.22 | 394.06 |
| 2013-14 | 33874.20 | ലഭ്യമല്ല | 63927.65 | ലഭ്യമല്ല | 90 | 0.14 | 53.98 | 0.5 | 235.86 | 1626.39 |
| 2014-15 | 39232.20 | ലഭ്യമല്ല | 66948.00 | ലഭ്യമല്ല | 18506 | 29.5 | 6.56 | 0.06 | 1128.93 | 45.52 |
| 2015-16 | 40727.60 | ലഭ്യമല്ല | 73981.90 | 73.08 | 1825 | 1.91- | -- | -- | -- | 15.90 |
| 2016-17 | 35015.53 | 20.47 | 85802.73 | 76.85 | -- | -- | 28.79 | 0.17 | 1039.39 | 946.71 |
| 2017-18 | 50089.00 | 31.87 | 90397.86 | 72.31 | 898 | 0.88 | 172.16 | 1.22 | 8566.13 | 5072.73 |
| 2018-19 | 6204.33 | 38.77 | 116839.47 | 96.94 | 2976 | 2.38 | 6679 | 0.26 | 20145.60 | 7091.11 |
| 2019-20 | 62802.88 | 35.57 | 141928.08 | 124.59 | 28500 | 21.5 | 56.24 | 0.55 | 8284.45 | 8305.06 |
| 2020-21 | 75059.60 | 43.36 | 172752** | 154** | 25974* | 18.26* | 2.99 | 0.01 | 10530.20 | 3647.11 |
| *27.01.21 വരെ ** ഏകദേശ മൂല്യം | | | | | | | | | | |

**അനുബന്ധം 5**

### ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായുള്ള സംരംഭങ്ങള്

- നാഷണല് പ്രൊഫഷണല് സ്റ്റാന്ഡേര്ഡ്സ് ഫോര് ടീച്ചേഴ്സ് പദ്ധതിയുടെ രൂപത്തില് എല്ലാ സ്കൂള് അധ്യാപകര്ക്കും വേണ്ടി നിലവാരം വികസിപ്പിക്കും. ഇത് അധ്യാപകരുടെ കഴിവുകള് വര്ദ്ധിപ്പിക്കുകയും രാജ്യത്തെ ഗവണ്മെന്റ് സ്വകാര്യ സ്കൂള് സംവിധാനത്തിലെ 92 ലക്ഷം വരുന്ന എല്ലാ അധ്യാപകരും ഇതു പിന്തുടരുകയും ചെയ്യും.
- വിനോദത്തിന്റെയും പഠനത്തിന്റെയും പ്രകടനമാണ് കളിക്കോപ്പുകള്. എല്ലാ തലത്തിലുമുള്ള സ്കൂള് വിദ്യാഭ്യാസത്തിനായി പ്രാദേശികവും എന്നാല് അസാധാരണവും ഒപ്പം കളിപ്പാട്ടം അടിസ്ഥാനമാക്കിയുള്ളതുമായ പഠനം അഥവ ബോധന വിദ്യ വികസിപ്പിക്കുന്നതാണ്. ഇത് ക്ലാസ്സുറികളെയും അതിലെ മുഷിപ്പിക്കുന്ന അധ്യയന രീതികളെയും പുതിയതും രസകരവുമായ അനുഭവമാക്കി മാറ്റും.
- ദേശീയ ഡിജിറ്റല് വിദ്യാഭ്യാസ രൂപകല്പന സജ്ജീകരിക്കും. ഇത് പഠനത്തെയോ അധ്യയനത്തെയോ മാത്രമല്ല, കേന്ദ്രത്തിലെയും സംസ്ഥാനത്തെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും വിദ്യാഭ്യാസ ആസൂത്രണം, ഭരണം, കാര്യ നിര്വഹണം എന്നീ

പ്രവര്ത്തനങ്ങളെയും കൂടി സഹായിക്കും. ഡിജിറ്റല് അടിസ്ഥാന വികസനത്തിനത്തിനുള്ളതും സംയുക്തവും എന്നാല് എല്ലാ ഗുണഭോക്താക്കള്ക്കും സഹകരിച്ച് പ്രവര്ത്തിക്കാവുന്ന, പ്രത്യേകിച്ച് സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും സ്വയം ഭരണം ഉറപ്പാക്കുന്ന വ്യത്യസ്തമായ വിദ്യാഭ്യാസ ആവാസ വ്യവസ്ഥാരൂപഘടന അതു ലഭ്യമാക്കും.

- ശ്രവണശേി കുറഞ്ഞ കുട്ടികള്ക്കായി രാജ്യത്തുടനീളം ഇന്ത്യന് ചിഹ്ന ഭാഷയുടെ നിലവാരം ഏകീകരിക്കാന് ഗവണ്മെന്റ് പരിശ്രമിക്കുകയും അവരുടെ ഉപയോഗങ്ങള്ക്കായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലും പഠന സാമഗ്രികള് വികസിപ്പിക്കുകയും ചെയ്യും.
- വിരമിച്ച അനേകം അധ്യാപകര് ഉണ്ട്. സ്കൂള് അധ്യാപകരുടെയും വിദ്യാഭ്യാസ പ്രവര്ത്തകരുടെയും വ്യക്തിഗത മാര്ഗ്ഗദര്ശനത്തിനായി ഓണ് ലൈനായും ഓഫ് ലൈനായും അവരെ ഉപയോഗപ്പെടുത്തും. അവര്ക്ക് പഠന വിഷയങ്ങളും പാഠ്യപദ്ധതിയുമായും ബന്ധപ്പെട്ട സഹായങ്ങളും ഇവര് നല്കും.
- വിദ്യാര്ത്ഥികളെ ഏകമാന മാനദണ്ഡങ്ങള് വച്ചാണ് വിദ്യാര്ഥികള് ഇതുവരെ വിലയിരുത്തപ്പെട്ടിരുന്നത്. വിലയിരുത്തലുകളുടെ രീതി മൊത്തത്തില് മാറും.കുട്ടികളുടെ ഗ്രഹണ ശേഷി മാത്രം വിലയിരുത്തി ആയിരിക്കില്ല ഇനിയുള്ള വിധി. മറിച്ച് പഠിതാക്കളുടെ സാധ്യതകളും അവസരങ്ങളും തിരിച്ചറിഞ്ഞ് ഉപയോഗപ്പെടുത്താനുള്ള കഴിവുകളും പരീക്ഷിക്കപ്പെടും. ഇതിനായി കുട്ടികള്ക്ക് ഹൊളിസ്റ്റിക് പ്രോഗ്രസ് കാര്ഡുകള് നല്കപ്പെടും. അതില് അവരുടെ വിലയേറിയകഴിവുകള്, താല്പര്യമുള്ള മേഖലകള്, ആവശ്യമുള്ള ശ്രദ്ധ, തൊഴില്തെരഞ്ഞെടുക്കാന് സഹായിക്കേണ്ട രീതി ഇവയെല്ലാം രേഖപ്പെടുത്തിയിരിക്കും.
- വിഭവങ്ങളുടെ വന്തോതിലുള്ള പ്രാപ്തിക്ക് വേണ്ടിവന്നാല് മുതിര്ന്നവരുടെ വിദ്യാഭ്യാസ രീതിയെ പോലും പൂര്ണമായി ആശ്രയിക്കും.
- കോവിഡ് മഹാമാരി ഉണ്ടായിരുന്നിട്ടും ഈ വര്ഷം 30 ലക്ഷം എലിമെന്ററി സ്കൂള് അധ്യാപകര്ക്ക് ഞങ്ങള് ഡിജിറ്റലായി പരിശീലനം നല്കി. ഇതു തുടരും. 2021 -22 ല് ഞങ്ങള് 56 ലക്ഷം അധ്യാപകര്ക്ക് അവരുടെ സമഗ്ര വികസനത്തിനായി നാഷണല് ഇനിഷ്യേറ്റിവ് ഫോര് സ്കൂള് ഹെഡ്സ് (നിഷ്ഠ)എന്ന പദ്ധതി വഴി പരിശീലനം നല്കും.
- കഴിഞ്ഞ ഏതാനും വര്ഷങ്ങളായി നമ്മുടെ പ്രധാനമന്ത്രി, എല്ലാ വര്ഷവും ബോര്ഡ് പരീക്ഷകള്ക്കു മുന്നെ വിദ്യാര്ത്ഥികളുമായി, അവരിലെ ആകാംക്ഷയും പിരിമുറുക്കവും അതിജീവിക്കുവാന് സഹായിക്കുന്നതിന് സംവദിക്കുന്നുണ്ട്. ഈ ദിശയില് സിബിഎസ്സി ബോര്ഡ് പരീക്ഷ നവീകരണം 2022- 23 അധ്യയന വര്ഷം മുതല് ഫലപ്രദമായി നമ്മള് നടപ്പാക്കും.

- പഠനവഴിയില് നിന്ന് പരീക്ഷകള് മാറും. സങ്കല്പ വ്യക്തത, അപഗ്രഥന ശേഷി, അറിവ് എങ്ങിനെ ജീവിത സാഹചര്യങ്ങളില് പ്രയോജനപ്പെടുത്തുന്നു എന്നിത്യാദി കാര്യങ്ങളെ അടിസ്ഥാനമാക്കിയാവും വിദ്യാര്ത്ഥികള് അളക്കപ്പെടുക.
- വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഉന്നതവിദ്യാഭ്യാസ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിന് ഉഭയ ബിരുദങ്ങള്, സംയുക്ത ബിരുദങ്ങള്, ട്വിന്നിങ് ക്രമീകരണങ്ങള് തുടങ്ങിയ സംവിധാനങ്ങള് നിര്ദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

## അനുബന്ധം 6

| ബജറ്റിതര വിഭവങ്ങള് സംബന്ധിച്ച പ്രസ്താവന. ഗവണ്മെന്റ് കടപ്പത്രങ്ങള്, വായ്പകള്, മറ്റ് വിഭവങ്ങള് | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | (കോടി രൂപയില്) | | |
| പാര്ട്ട് എ - ഗവണ്മെന്റ് കടപ്പത്രങ്ങള് വഴിയുള്ള എക്സ്റ്റേണല് ബഞ്ച്മാര്ക്ക് റേറ്റുകള് | | | | | | | | |
| നമ്പര് | മന്ത്രാലയം വകുപ്പ് പദ്ധതി | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2020-21 | 2021-22 |
| | | തുക | തുക | തുക | തുക | ബിഇ | ബിഇ | ബിഇ |
| **24** | **ഉന്നതവിദ്യാഭ്യാസം** | | | | | | | |
| | വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ നവീകരണം | **---** | **---** | **---** | **---** | **3000.00** | **---** | |
| **44** | **ആരോഗ്യ കുടുംബ ക്ഷേമം** | | | | | | | |
| | പ്രധാന് മന്ത്രി സ്വാസ്ഥ്യ സുരക്ഷ യോജന | **---** | **---** | **---** | **---** | **3000.00** | **---** | |
| **59** | **ഭവന നിര്മ്മാണ നഗര കാര്യം** | | | | | | | |
| | പ്രധാന് മന്ത്രി ആവാസ് യോജന | **---** | **---** | **20000.00** | **---** | **10000.00** | **---** | |
| **61** | **ജലവിഭവം നദി വികസനം ഗംഗാ പുനരുജ്ജീവനം** | | | | | | | |
| | പോളവാരം ജലസേചനം | **---** | **---** | **1400.00** | **1850.00** | **---** | **2234.29** | |
